# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 നവംബർ 13 | ദീപം 58 | നാളം 36 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# കേരളം സുന്ദരമാണ്. പക്ഷേ...



**ഐക്യകേരളം പിറന്നിട്ട് നവംബർ ഒന്നിന് 69 വർഷം പിന്നിട്ട വേളയിൽ കേരളത്തിന്റെ കാർഷികസമ്പദ് വ്യവസ്ഥകളെ വിലയിരുത്തുകയാണു ലേഖകൻ**

പി.സി. സിറിയക്



എല്ലാ മലയാളികളുടെയും ചിരകാലസ്വപ്നമായിരുന്ന ഐക്യകേരളം പിറന്നിട്ട് നവംബർ ഒന്നിന് 69 വർഷം പൂർത്തിയായി. കഴിഞ്ഞ കാലങ്ങളിൽ നാം എന്തു നേടി, നമുക്കെന്തു നഷ്ടപ്പെട്ടു? സമ്പദ്വ്യവസ്ഥയുടെ ഏറ്റവും പ്രധാന ഘടകങ്ങളായ കൃഷി, വ്യവസായം, സേവനമേഖല എന്നിവയിൽ നമ്മുടെ പുരോഗതി എങ്ങനെ?

കാർഷികമേഖലയിൽ 70 കൊല്ലംമുമ്പ് നെൽക്കൃഷി 8 ലക്ഷം ഹെക്ടർ വിസ്തൃതിയിൽ ഉണ്ടായിരുന്നെങ്കിലും, അന്നു നമുക്കാവശ്യമായിരുന്ന അരിയുടെ മൂന്നിലൊന്നു ഭാഗം മാത്രമാണ് കേരളത്തിന് ഉത്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നത്. ഭക്ഷ്യധാന്യക്കമ്മി നാം നികത്തിയിരുന്നത്, അരി ആന്ധ്രയിൽനിന്ന് ഇറക്കുമതി ചെയ്തും (ഇ.എം.എസിന്റെ 1957 ലെ മന്ത്രിസഭ നേരിടേണ്ടിവന്ന ആന്ധ്ര അരികുംഭകോണം ഓർമയിലുണ്ടോ?) അമേരിക്കയിൽനിന്നു ദാനമായി ലഭിച്ചിരുന്ന ഗോതമ്പ് കൊച്ചിതുറമുഖത്ത് കപ്പലിൽനിന്നുമിറക്കി, നേരേ റേഷൻകടയിലെത്തിച്ച്, അവിടെ കാത്തുനിന്നിരുന്ന ജനങ്ങൾക്കു വിതരണം ചെയ്തുമായിരുന്നു.

പല കാരണങ്ങൾകൊണ്ടും ഇന്നു നമ്മുടെ നെൽക്കൃഷി ഒന്നരലക്ഷം ഹെക്ടറായി ചുരുങ്ങിപ്പോയെങ്കിലും, നമ്മുടെ ഉത്പാദനക്ഷമത ഹെക്ടർ ഒന്നിന് 3000 കിലോഗ്രാം വരെ ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. ഹരിതവിപ്ലവത്തിനുശേഷം ഇന്ത്യയുടെ ഭക്ഷ്യധാന്യഉത്പാദനം 30 മില്യൺ ടണ്ണിൽനിന്നു, 330 മില്യൺ ടണ്ണായി ഉയർന്ന്, ഇന്ത്യ, ഇന്ന് ഏറ്റവും വലിയ ഭക്ഷ്യധാന്യക്കയറ്റുമതി രാജ്യങ്ങളിലൊന്നായിത്തീർന്നിരിക്കുന്നതുകൊണ്ട് നാം പട്ടിണിയില്ലാതെ സുഖമായിക്കഴിയുന്നു.

നാളികേരത്തിന്റെ കാര്യത്തിൽ സ്ഥലവിസ്തൃതി അന്നത്തെ 9 ലക്ഷം ഹെക്ടറിൽനിന്നും ഏഴരലക്ഷം ഹെക്ടർ വരെ മാത്രമേ കുറഞ്ഞിട്ടുള്ളൂവെങ്കിലും, ഉത്പാദനക്ഷമതയുടെ കാര്യത്തിൽ തമിഴ്നാടും മറ്റും നമ്മെ കടത്തിവെട്ടിക്കഴിഞ്ഞു. ഇനി, റബറിന്റെ കാര്യം. കേരളപ്പിറവി കഴിഞ്ഞ് ആറു പതിറ്റാണ്ടുകാലത്ത്, 2014 വരെ, റബർകൃഷിയുടെ വിസ്തീർണവും, റബറിന്റെ ഉത്പാദനവും കുതിച്ചുയരുകയായിരുന്നു. തോട്ടങ്ങളുടെ വിസ്തീർണം, 70,000 ഹെക്ടറിൽനിന്നു പത്തുമടങ്ങായി 7 ലക്ഷം ഹെക്ടർ! ഉത്പാദനം 30,000 ടണ്ണിൽനിന്ന് ഒൻപതേമുക്കാൽ ലക്ഷം ടൺ (9.75 ലക്ഷം ടൺ)! ഹെക്ടറൊന്നിനുള്ള റബർ ഉത്പാദനത്തിൽ ലോകത്തിൽ ഒന്നാംസ്ഥാനം. പക്ഷേ, 2013-14 കഴിഞ്ഞതോടെ റബറിനു വൻതിരിച്ചടി! കാരണം, റബർ ഇറക്കുമതിയുടെ അതിപ്രസരം! റബർകൃഷി വളർന്നതുപോലെതന്നെ, റബർവ്യവസായവും വളർന്നു. ഉത്പാദനത്തെക്കാൾ 10 ശതമാനം കൂടുതലായിരുന്നു, ടയർ കമ്പനികൾ ഉൾപ്പെടെയുള്ള വ്യവസായങ്ങൾക്കാവശ്യമായ റബറിന്റെ അളവ്. ഈ ആവശ്യം നിറവേറ്റാൻ മാത്രമുള്ള ഇറക്കുമതി, അതായത് ഉത്പാദനത്തിന്റെ പത്തു ശതമാനം അവർ ആണ്ടുതോറും ഇറക്കുമതി ചെയ്തിരുന്നു. പക്ഷേ, 2013 ആയപ്പോഴേക്കും വ്യവസായമാന്ദ്യം കാരണം ചൈനയും അമേരിക്കയും മറ്റും ഇറക്കുമതി ചെയ്യാൻ കരാറായിരുന്ന റബർ അവർക്കു വാങ്ങാൻ കഴിഞ്ഞില്ല. വിപണിയിൽ കെട്ടിക്കിടന്ന ഈ റബർ കുറഞ്ഞ വിലയ്ക്കു നേടിയ നമ്മുടെ ടയർ കമ്പനികൾ അവ വൻതോതിൽ ഇറക്കുമതി ചെയ്ത് സംഭരിച്ചു. ഓരോ കൊല്ലവും, ഒന്നരലക്ഷം ടൺ, രണ്ടര ലക്ഷം ടൺ, മൂന്നര ലക്ഷം ടൺ എന്നിങ്ങനെ ഇറക്കുമതിറബറിന്റെ അളവ് വർധിച്ചു. ഈ റബർ മുഴുവൻ ഗോഡൗണിൽ വച്ച ടയർകമ്പനികൾ ആഭ്യന്തരവിപണിയിൽനിന്നു മാറിനിന്ന് റബറിന്റെ വിലയിടിച്ചു. വില തീരെ കുറഞ്ഞതോടെ, അനേകകർഷകർക്ക് ടാപ്പറുടെ കൂലിയും മറ്റത്യാവശ്യകൃഷിച്ചെലവുകളും കഴിഞ്ഞ് മിച്ചമൊന്നും കിട്ടാതായി. അതോടെ ടാപ്പിങ് നിറുത്തിവയ്ക്കാൻ അവർ നിർബന്ധിതരാകുന്നു. അങ്ങനെ 2015 ആയപ്പോഴേക്കും ആഭ്യന്തരറബറുത്പാദനം ഒൻപതേമുക്കാൽ ലക്ഷംടണ്ണിൽനിന്നു വെറും അഞ്ചുലക്ഷം ടൺ മാത്രമായി കുറഞ്ഞു! വ്യവസായികളുടെ ഡിമാൻഡ് അപ്പോഴേക്കും പത്തര ലക്ഷം ടണ്ണായി ഉയർന്നു. അതോടെ ഇറക്കുമതി 5 ലക്ഷം ടണ്ണിലേക്കുയർന്നു. ആഭ്യന്തര റബറുത്പാദനനഷ്ടത്തിന്റെ മൂലകാരണം, 2013 മുതൽ തുടർച്ചയായി മൂന്നു കൊല്ലക്കാലത്തു നടന്ന ഇറക്കുമതിയുടെ അതിപ്രസരമായിരുന്നു.

▶02

# ആത്മാവ് നഷ്ടപ്പെട്ട ആഘോഷരാവുകൾ



റ്റോം ജോസ് തഴുവംകുന്ന്



എല്ലാവരും തിരക്കിലാണ്. ഓരോരുത്തരും സമൂഹത്തിന്റെ ഒഴുക്കിനനുസരിച്ചു നീങ്ങുന്നു. ഒരു മാറിനടപ്പിന്റെ ആലോചന ആർക്കുമില്ല. നമുക്കു രണ്ടു തരത്തിലുള്ള ധാർമികബോധമുണ്ട്. ഒന്നാമത്തേത്, മറ്റുള്ളവർക്കുവേണ്ടി നാം പ്രസംഗിക്കുന്നതും നാം ഒരിക്കലും അഭ്യസിക്കാത്തതും. നാം അഭ്യസിക്കുന്നതും എന്നാൽ ഒരിക്കലും പ്രസംഗിക്കാത്തതുമാണ് രണ്ടാമത്തേത്. മറ്റുള്ളവരെ വിമർശിക്കാൻ ഉത്സാഹിക്കുന്ന നമ്മൾ നമ്മുടെ ഊഴമെത്തുമ്പോൾ അതുതന്നെ ചെയ്യുന്നു.

കാലം മോശമാണെങ്കിൽ അതു ശരിയാക്കാനുള്ള ചുമതല മനുഷ്യനെയാണു ദൈവം ഏല്പിച്ചിരിക്കുന്നത്. ബഹുമുഖമേഖലകളിൽ നാമിന്നു കാണുന്ന ആഘോഷങ്ങളും ഒത്തുചേരലുകളും, വൈകുന്നേരങ്ങളും രാത്രികളും അപഹരിച്ചിരിക്കുകയാണ്. ചടങ്ങുകളും ആചാരാനുഷ്ഠാനങ്ങളും തീറ്റയ്ക്കും കുടിക്കുമുള്ള ഒരു 'വഴി' മാത്രമായി അധഃപതിച്ചിരിക്കുന്നു.

മൈതാനത്തു പറന്നിറങ്ങുന്ന 'ദേശാടനക്കിളി'കളെപ്പോലെയാണു നാമിന്ന്. അറിയുന്നവരും സൗഹൃദം പുലർത്തുന്നവരും തീരെയില്ല. ആഘോഷത്തിന്റെ കേന്ദ്രബിന്ദുവിൽ ആരും ശ്രദ്ധാലുക്കളുമല്ല; ഒരാൾക്കൂട്ടം മാത്രം! നമ്മെ ക്ഷണിച്ചവരെപ്പോലും നാം ശ്രദ്ധിക്കാറില്ല. വിരുന്നുണ്ണാൻ വരുന്ന സൽക്കാരപ്രിയരായ അതിഥികൾ മാത്രമായി നാം മാറിയിരിക്കുന്നു. 'ആൾക്കൂട്ട'ത്തിൽപ്പോലും നാം 'ഏകരാണ്'; സൗഹൃദങ്ങൾ ആഗ്രഹിക്കാത്തവരാണ്. സമയമില്ലെന്ന സംസാരമാണെങ്ങും. പഴയകാലത്തെ സമയംതന്നെയല്ലേ ഇപ്പോഴും ഓടുന്നത്!

ഇന്നെവിടെയും സംസാരമാകുന്ന ഒന്നാണ് ജീവിതശൈലീരോഗങ്ങൾ; നമ്മുടെ ഭക്ഷണവും ശീലങ്ങളുമൊക്കെ ആകെ മാറിയിരിക്കുന്നു. 'മലയാളരുചികൾ ഉപേക്ഷിച്ച് വിദേശരുചിക്കൂട്ടുകളുടെ പിന്നാലയാണ് യുവതലമുറ. അസമയത്ത് തുറക്കുകയും സമയത്ത് അടയ്ക്കുകയും ചെയ്യുന്ന വിചിത്ര 'ടൈംടേബിൾ' ഉള്ള കടകൾക്ക് ഡിമാൻഡ് ഏറെയാണ്.

ചേമ്പും ചേനയും കപ്പയും കാച്ചിലും കുമ്പളവും മത്തനും വെള്ളരിയും പയറും വെണ്ടയും തുടങ്ങിയ നാടിന്റെ നന്മനിറഞ്ഞ 'കലോറികൾ' ആർക്കും വേണ്ടെന്നായിരിക്കുന്നു. നാട്ടിലെ വിഭവങ്ങളധികവും ഇന്നു ഫോറിനാണ്. ശുദ്ധജലവും ശുദ്ധവായുവും പോലും പാർലറുകളിലേക്കു വില്പനയ്ക്കെത്തിയിരിക്കുന്നു. ശുദ്ധവായുവിലും ശുദ്ധജലത്തിലും വിഷം കലർത്തിയതു നാം തന്നെയല്ലേ? കാലാവസ്ഥതകിടം മറിഞ്ഞിരിക്കുന്നു; നിനച്ചിരിക്കാത്ത നേരത്ത് പ്രകൃതിദുരന്തങ്ങൾ വന്നുപെടുന്നു; പ്രകൃതിയെ മാറ്റിമറിച്ചതിലും അരുവികളെയും പുഴകളെയും തടസ്സപ്പെടുത്തിയതിലും സ്വർത്ഥനേട്ടങ്ങളിലേക്കു പണിതുയർത്തിയതിലും ഉത്തരവാദികൾ നാം തന്നെ.

നികുതി ഒടുക്കേണ്ടാത്ത സമ്പത്താണ് ആരോഗ്യം. നമ്മുടെ ആരോഗ്യത്തിനും ആയുസ്സിനും ദൈവത്തോട് കടപ്പെട്ടിരിക്കുന്നു. പ്രവർത്തനങ്ങളിൽ ദൈവചിന്തയുണ്ടാകണം. നമ്മുടെ ഭക്ഷണക്രമത്തിനാകമാനം ഒരു ആഡംബരം വന്നുപെട്ടിരിക്കുന്നു. ഒരു മാസം കഴിക്കാനുള്ള വിഭവങ്ങൾ ഒരു നേരം വിളമ്പിവയ്ക്കുന്ന 'കേറ്ററിംഗ്' ഇന്നു നമ്മുടെ തീൻമേശകൾ കൈയടക്കിയിരിക്കുന്നു. കാഴ്ചയിലും രുചിയിലും എണ്ണത്തിലും ഓരോനാളും വ്യത്യസ്തത തേടി അലയുന്ന യുവതലമുറ ഇന്നിന്റെ കാഴ്ചയാണ്. ഈ ഭക്ഷണമേശകൾക്ക് ആരോഗ്യസുരക്ഷയുടെ കാര്യത്തിൽ ശ്രദ്ധയുണ്ടോ? ഭക്ഷണമെല്ലാം ആരോഗ്യപ്രദവും സുരക്ഷിതവുമാണെന്ന് ആരു സാക്ഷിക്കും?

**കാലം മോശമാണെങ്കിൽ അതു ശരിയാക്കാനുള്ള ചുമതല മനുഷ്യനെയാണു ദൈവം ഏല്പിച്ചിരിക്കുന്നത്. ബഹുമുഖമേഖലകളിൽ നാമിന്നു കാണുന്ന ആഘോഷങ്ങളും ഒത്തുചേരലുകളും, വൈകുന്നേരങ്ങളും രാത്രികളും അപഹരിച്ചിരിക്കുകയാണ്. ചടങ്ങുകളും ആചാരാനുഷ്ഠാനങ്ങളും തീറ്റയ്ക്കും കുടിക്കുമുള്ള ഒരു 'വഴി' മാത്രമായി അധഃപതിച്ചിരിക്കുന്നു.**

ആധുനികതയുടെ പാശ്ചാത്യപ്പകർപ്പുകളായി നമ്മുടെ ആഘോഷങ്ങളും ആചാരങ്ങളും വിരുന്നുകളും മാറുന്നുണ്ടോ? നമുക്കൊക്കെ തെല്ലൊരഹങ്കാരം തലയ്ക്കുപിടിച്ചോ? വിശാലമായ ഉച്ചയൂണും വിശ്രമവുംകഴിഞ്ഞ് തൊഴിൽമേഖലയിലേക്കോ സ്വന്തം ഭവനങ്ങളിലേക്കോ പോയിരുന്ന നാമിന്ന്, അന്തിവിരുന്നും, രാത്രിവിരുന്നും കഴിച്ച് വാഹനവുമോടിച്ച് വീട്ടിലെത്തി ഉറക്കത്തിലേക്കു ചായുന്നു. ആരോഗ്യശാസ്ത്രം മുഴുവൻ അരച്ചുകലക്കിക്കുടിക്കുകയും യൂട്യൂബിനെയും വിദഗ്ധരെയും ആശ്രയിച്ച് ആരോഗ്യപഠനങ്ങൾ നടത്തുകയും ചെയ്യുന്ന നമുക്ക് വൈകുന്നേരങ്ങളിലെ സുഭിക്ഷ ഭക്ഷണവും തുടർന്നു വാഹനങ്ങളിലുള്ള ഡ്രൈവിങ്ങും പിന്നീടുള്ള ഉറക്കവും ആരോഗ്യത്തിനു യോജിക്കുന്നതാണോ?

കലോറി അളക്കാൻപോലും വയ്യാത്തവിധം ഭക്ഷണം കഴിച്ചിട്ടുള്ള രാത്രിയുറക്കം അപകടമല്ലേ? നമ്മുടെ ഇന്നത്തെ വിരുന്നുകളിലെ ഒളിഞ്ഞും തെളിഞ്ഞുമുള്ള മദ്യസൽക്കാരവും തുടർന്നുള്ള യാത്രയും ഉറക്കവും പലപ്പോഴും അപകടത്തിനു കാരണമാകുന്നു. രാത്രിയാഘോഷങ്ങൾക്കു പങ്കെടുക്കണമെങ്കിൽ സ്വന്തമായി വാഹനം വേണം. വാഹനം സ്വന്തമായില്ലാത്തവരെന്തു ചെയ്യും? വിവാഹത്തിന്റെയോ ഇതരചടങ്ങുകളുടെയോ ആത്മീയശുശ്രൂഷകൾ നടക്കുന്നിടവും വിരുന്നുസൽക്കാരം നടക്കുന്നിടവും തമ്മിലുള്ള അകലം ഏറെയാകുന്നതുമൂലം പ്രധാന ചടങ്ങുകൾക്കെത്താതെ വിരുന്നിലേക്കു മാത്രമെത്തുന്നതും ഇപ്പോൾ സ്ഥിരം കാഴ്ചയാണ്; ഒപ്പം ചടങ്ങും റിസപ്ഷനും തമ്മിലുള്ള സമയാന്തരം അധികമാകുന്നതുകൊണ്ടും അതിഥികൾ ഭക്ഷണം മാത്രം ലക്ഷ്യമായി കരുതി വിരുന്നുസമയത്തേക്കെത്തുന്ന പതിവുമുണ്ട്.

നമ്മുടെ ആഘോഷങ്ങൾ ലളിതമാക്കാനും 'വിരുന്നും വിശേഷവും' ഒരു സ്ഥലത്തുതന്നെയാകാനും പകലുള്ള നേരത്താകാനും ശ്രദ്ധിക്കേണ്ടത് ആരോഗ്യത്തിനും ആയുസ്സിനും ബന്ധങ്ങളുടെ ബലത്തിനും നല്ലതാണ്. ഭക്ഷണം ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തണം. നമ്മുടെ ഭക്ഷണമാണ് മരുന്ന് എന്നു മറക്കാതിരിക്കാം. പകലുള്ളപ്പോൾ വാഹനമോടിക്കാനും പകലിനു യോജിച്ച ഭക്ഷണക്രമം സംഘടിപ്പിക്കാനും അവസരമുണ്ടാകണം. ആഘോഷശേഷമുള്ള യാത്രകൾ അപകടത്തിലേക്കെത്തുന്ന വാർത്തകൾ കാണാറുണ്ട്. മദ്യം ആഘോഷങ്ങളുടെ ഭാഗമാക്കുന്നതും അപകടമാണ്. വിഭവസമൃദ്ധിയാലും വൈവിധ്യങ്ങളുടെ ധാരാളിത്തത്താലും മതിമറക്കാതെ ദൈവചിന്തയിൽ ആഘോഷങ്ങളെ ചിട്ടപ്പെടുത്താനും വിവേകമുണ്ടാകണം. ദാരിദ്ര്യത്തെക്കുറിച്ചും ദരിദ്രരെക്കുറിച്ചും ചിന്തയുണ്ടാകണം; ഭക്ഷണം അമൂല്യമാണ്.

നാം കഴിക്കുന്ന ഭക്ഷണത്തിലെല്ലാം ഇന്നു മായമാണ്. ഒപ്പം ധാരാളം കൃത്രിമത്വങ്ങളും. 'തിന്നാനും ഉറങ്ങാനും' മാത്രം സാധിക്കുന്ന ജീവികളെയാണ് ഇന്നു ബ്രോയിലർ ഗണത്തിൽ പെടുത്തി ഭക്ഷിക്കുന്നത്. ആരോഗ്യമുള്ളവയെ ഭക്ഷിക്കാത്ത നമുക്കും ഉറക്കം വരില്ലേ? സ്റ്റാമിനയും അധ്വാനക്ഷമതയും കുറയില്ലേ? ഇതിനൊപ്പം ലഹരിപാനീയങ്ങളുടെ ഉപയോഗവും അപകടസാധ്യത ഒരുക്കുന്നതിനു കാരണമാകുന്നു. നമ്മുടെ ആരോഗ്യവും ആയുസ്സും ദൈവചിന്തയോടു ചേർത്ത് കരുതുന്നതിൽ വീഴ്ച വരാമോ? ജീവിക്കാൻ വേണ്ടി മാത്രം ഭക്ഷിക്കണം, ഭക്ഷിക്കാൻവേണ്ടി ജീവിക്കരുതെന്നു മഹാനായ സോക്രട്ടീസ് പറയുന്നുണ്ട്.

ഭക്ഷണവും കഴിഞ്ഞുപോരുമ്പോൾ വിശപ്പോടുകൂടി പോരണമെന്നാണ് സാധാരണ 'ശാസ്ത്രം.' മതിയെന്നു പറയുന്ന തലച്ചോറിന് കാത്തുനിൽക്കരുതെന്നു സാരം. മലയാളികളെല്ലാം മലയാളം വിട്ട് കുടിയേറ്റലഹരിയിലാണ്. അതുകൊണ്ടുതന്നെ വീട്ടിലും നാട്ടിലും ആളില്ല. ഗ്രാമീണതയും സാധാരണത്വവുമൊക്കെ മറികടക്കുന്ന വൈദേശികഭാവം നമ്മുടെ ആഘോഷങ്ങളിൽ കടന്നുകൂടിയിരിക്കുന്നു. പണത്തിന്റെ പ്രകടനവും കോലാഹലബന്ധിയായ ചടങ്ങുകളും കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചയാണ്. മനസ്സിന് ആനന്ദം നൽകുന്ന സന്തോഷവും സംതൃപ്തിയും സൗഹൃദവും സഹിഷ്ണുതയും സഹാനുഭൂതിയും ഒക്കെ വിരുന്നുകളിലും ആഘോഷങ്ങളിലുമുണ്ടാകണം. മനുഷ്യത്വവും മഹാമനസ്കതയും വിശപ്പിന്റെ സമഭാവനയും ദൈവവിചാരവും വിരുന്നിൽ വിളങ്ങണം.

■

---

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

## സൗഹൃദങ്ങൾ

ചേട്ടന്റെ ഭാര്യയ്ക്കു പുരാവസ്തുക്കളോടു താത്പര്യം. അനിയന്റെ ഭാര്യയ്ക്കു പുതുവസ്തുക്കളോടും.

കുറെയേറെ പഴയ സൗഹൃദങ്ങളുമുണ്ട് ചേട്ടന്റെ ഭാര്യയ്ക്ക്. ഈടുറ്റ, നിറംമാറാത്ത, പഴയ സൗഹൃദങ്ങൾ. അവളെക്കാളേറെ പുതിയ സൗഹൃദങ്ങളുണ്ട് അനിയന്റെ ഭാര്യയ്ക്ക്. ഈടില്ലാത്ത, നിറം മാറുന്ന, പുതിയ സൗഹൃദങ്ങൾ!

ചേട്ടന്റെയോ അനിയന്റെയോ ഭാര്യമാരെക്കുറിച്ചു പറയാനല്ല, പഴയതും പുതിയതുമായ സൗഹൃദങ്ങളെക്കുറിച്ചു പരാമർശിക്കാനാണ് ഈ കഥ എന്നു പറയേണ്ടതില്ലല്ലോ.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ
അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ



ന്യായം പാലിക്കുകയും നീതി പ്രവർത്തിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ.
സങ്കീർത്തനം 106:3

**എഡിറ്റോറിയൽ**

# കണക്കിൽ കൊള്ളാത്ത ദാരിദ്ര്യം

ഇത്തവണ കേരളപ്പിറവി ദിനത്തിൽ മലയാളപത്രങ്ങൾ ജനസാമാന്യത്തെ എതിരേറ്റത് മുഖ്യമന്ത്രി പിണറായി വിജയന്റെ പൂർണകായചിത്രത്തോടുകൂടിയ ഒരു പരസ്യപ്രഖ്യാപനവുമായാണ്: "അതിദാരിദ്ര്യം അവസാനിപ്പിച്ചു.'' എന്നു പറഞ്ഞാൽ കേരളത്തിലിനി അതിദരിദ്രരായി ആരുമില്ലെന്നർഥം. അന്നു വൈകുന്നേരം തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ മന്ത്രിമാരെയും ഇടതുനേതാക്കളെയും ഒന്നടങ്കം അണിനിരത്തി സംസ്ഥാനത്തെ അതിദാരിദ്ര്യമുക്തമായി മുഖ്യമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു. കൂടാതെ, പ്രത്യേക നിയമസഭാസമ്മേളനം വിളിച്ചും ആ പുതുവിശേഷം പങ്കുവച്ചു. ലോകത്തിനു മുന്നിൽ കേരളം തലയുയർത്തിനിൽക്കുകയാണെന്നു പറഞ്ഞ മുഖ്യമന്ത്രി, വികസിത രാജ്യങ്ങളോടു കിടപിടിക്കുന്ന ജീവിതനിലവാരത്തിലേക്കു കേരളത്തെ ഉയർത്തുക എന്നതാണു നവകേരളനിർമ്മിതിയുടെ പ്രധാനലക്ഷ്യമെന്നും അത് ഏറെ അകലെയൊന്നുമല്ലെന്നും, ഇതാണ് യഥാർഥകേരളസ്റ്റോറിയെന്നും പറഞ്ഞു. എന്നാൽ, അതിദരിദ്രരായ ലക്ഷക്കണക്കിനു പേർ സംസ്ഥാനത്തു ബാക്കിയുണ്ടായിരിക്കെ സർക്കാരിന്റെ പ്രഖ്യാപനം തട്ടിപ്പാണെന്നാരോപിച്ചു രണ്ടു ചടങ്ങും പ്രതിപക്ഷം ബഹിഷ്കരിച്ചു.

ദാരിദ്ര്യത്തിന്റെ കണക്കെടുപ്പിൽ പ്രതിപക്ഷത്തിനുൾപ്പെടെ പലർക്കും അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും, പേരുകേട്ട 'കേരളമോഡ'ലിന്റെ വികസനപാതയിലെ പുതിയൊരു നാഴികക്കല്ലാണ് 'അതിദാരിദ്ര്യമുക്ത സംസ്ഥാനം' എന്ന പ്രഖ്യാപനമെന്നു പറയാതെ വയ്യ. ദാരിദ്ര്യമുക്തമായി പ്രഖ്യാപിക്കപ്പെടുന്ന ഇന്ത്യയിലെ ആദ്യസംസ്ഥാനമെന്ന ഖ്യാതിയാണ് കേരളം ഇതുവഴി കൈവരിച്ചിരിക്കുന്നത്. തീർച്ചയായും അഭിമാനാർഹമായ കാര്യംതന്നെയിത്. എന്നാൽ, ചരിത്രപരമായ ഈ നേട്ടത്തിന്റെ മുഴുവൻ ക്രെഡിറ്റും പിണറായി സർക്കാരിനു മാത്രമായി അവകാശപ്പെട്ടതാണോ? ഒരിക്കലുമല്ല. 1970 കളിൽ കേരളത്തിലെ ദാരിദ്ര്യനിരക്ക് 59.8 ശതമാനമായിരുന്നെങ്കിൽ, 2021 ൽ നീതി ആയോഗ് നടത്തിയ പഠനമനുസരിച്ച് ഇത് 0.7 ശതമാനമായി കുറഞ്ഞു. രാജ്യത്തെ ഏറ്റവും കുറഞ്ഞ ദാരിദ്ര്യനിരക്കായിരുന്നു ഇത്. ഇതിനുപിന്നിൽ സംസ്ഥാനത്തു മാറിമാറി വന്ന സർക്കാരുകൾ വഹിച്ച പങ്ക് നാം വിലമതിക്കേണ്ടതുണ്ട്. എന്നാൽ, 2021 ൽ അധികാരത്തിൽവന്ന രണ്ടാം പിണറായി സർക്കാർ ഇതിന് ആക്കം കൂട്ടിയെന്നതു വാസ്തവം.

അതിദരിദ്രരെ കണ്ടെത്തുന്നതിനായി അതിബൃഹത്തായ ഒരു കർമപദ്ധതിയാണ് സർക്കാർ തയ്യാറാക്കി നടപ്പിൽ വരുത്തിയത്. 2025 നവംബർ ഒന്നിന് കേരളത്തിലെ മുഖ്യധാരാപത്രങ്ങൾക്കു നല്കിയ ലേഖനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇങ്ങനെ എഴുതുന്നു: 2021 ൽ അധികാരത്തിൽവന്ന എൽഡിഎഫ് സർക്കാരിന്റെ ആദ്യമന്ത്രിസഭായോഗത്തിൽത്തന്നെ എടുത്ത തീരുമാനങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു അതിദാരിദ്ര്യനിർമാർജനം. രണ്ടു മാസത്തിനുള്ളിൽ നടപടിക്രമങ്ങൾ ആരംഭിച്ചു. 1,032 തദ്ദേശസ്ഥാപനങ്ങളിലെ 64,006 കുടുംബങ്ങളിലായി 1,03,099 വ്യക്തികളെയാണ് ആഹാരം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നിവ ക്ലേശഘടകങ്ങളായി കണക്കാക്കി കണ്ടെത്തിയത്. അവരെയാണ് ഇപ്പോൾ അതിദാരിദ്ര്യത്തിൽനിന്നു മോചിപ്പിക്കുന്നത്. ഓരോ കുടുംബത്തിനുമായി പ്രത്യേകം പ്ലാനുകൾ തയ്യാറാക്കി. ഭക്ഷണം, ആരോഗ്യപരിരക്ഷ, സുരക്ഷിതഭവനം എന്നിവയ്ക്കു പുറമേ ഉപജീവനമാർഗങ്ങളും അതിൽ ഉൾപ്പെടുത്തി.

മുഖ്യമന്ത്രിയുടെ ഈ പ്രഖ്യാപനത്തെ നമുക്കു കണ്ണുമടച്ചു വിശ്വസിക്കാമോ? അതിദരിദ്രരുടെ പട്ടിക കള്ളക്കണക്കാണെന്നാണ് പ്രതിപക്ഷനേതാവു വി.ഡി. സതീശൻ പറയുന്നത്. കേരളത്തിൽ പരമദരിദ്രരായ 4.5 ലക്ഷം കുടുംബങ്ങളുണ്ടെന്ന് എൽ.ഡി.എഫിന്റെ പ്രകടനപത്രികയിൽത്തന്നെ പറഞ്ഞിരിക്കെ, സർക്കാർ കണ്ടെത്തിയ അതിദരിദ്രരുടെ പട്ടികയിൽ 64,000 കുടുംബങ്ങൾ മാത്രമായത് എങ്ങനെയെന്ന് അദ്ദേഹം ചോദിക്കുന്നു. കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം അതിദരിദ്രരായ 5,91,194 കുടുംബങ്ങൾക്ക് എഎവൈ കാർഡ് നല്കിയിട്ടുണ്ടെന്നു മന്ത്രി ജി. ആർ. അനിൽ നിയമസഭയിൽ മറുപടി നല്കിയിട്ടുണ്ടത്രേ. അതുപോലെതന്നെ ആശ്രയപദ്ധതിയിലുള്ള 1.5 ലക്ഷം കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തി 4.5 ലക്ഷം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമെന്ന് എൽ.ഡി.എഫിന്റെ പ്രകടനപത്രികയിലുണ്ടെന്നും സതീശൻ ചൂണ്ടിക്കാട്ടുന്നു. ഇപ്പോൾ അത് 64,000 കുടുംബങ്ങളായി മാറിയത് എന്തു ചെപ്പടിവിദ്യയെന്നാണു പ്രതിപക്ഷനേതാവിന്റെ ചോദ്യം. അതുപോലെതന്നെ 2011 ലെ സെൻസസ്പ്രകാരം 1.16 ലക്ഷം ആദിവാസിക്കുടുംബങ്ങളിലായി 4.85 ലക്ഷം ആദിവാസികൾ കേരളത്തിലുണ്ട്. എന്നാൽ, സർക്കാരിന്റെ അതിദരിദ്രരുടെ പട്ടികയിൽ 6400 ആദിവാസിക്കുടുംബങ്ങളേയുള്ളൂ. ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വരുമാനം എന്നിവ ഇല്ലാത്തവരെയാണ് അതിദരിദ്രരായി കണക്കാക്കുന്നത്. ഇങ്ങനെയുള്ള ലക്ഷക്കണക്കിനുപേർ കേരളത്തിലുണ്ടത്രേ.

ഇത്തരം എതിർവാദങ്ങൾ പരിഗണനീയമല്ലെന്ന് ആരും പറയില്ല. അതിദാരിദ്ര്യം കണക്കാക്കാൻ അവലംബിച്ച മാനദണ്ഡങ്ങൾ സർക്കാർ വെളിപ്പെടുത്തണമെന്നാവശ്യപ്പെട്ട് ധനശാസ്ത്രജ്ഞരടക്കം ഒരു കൂട്ടം ചിന്തകർ കഴിഞ്ഞദിവസം സർക്കാരിനു തുറന്ന കത്തെഴുതുകയുണ്ടായി. ഇത്തരം വാദങ്ങളെ വിശ്വാസയോഗ്യമായി ഖണ്ഡിക്കാൻ സർക്കാരിനു സാധിക്കുമോ? എങ്കിൽ, പിണറായി സർക്കാരിന് അഭിമാനിക്കാൻ വകയുണ്ട്. അല്ലായെങ്കിൽ വെറും പ്രഖ്യാപനംകൊണ്ടുള്ള മേനിപറച്ചിൽ അവസാനിപ്പിച്ച് അതിദാരിദ്ര്യം ഒരു തരിപോലും അവശേഷിപ്പിക്കാതെ തുടച്ചുനീക്കാനുള്ള കർമപദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ ആത്മാർത്ഥമായ പരിശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നു തുടർഘട്ടങ്ങളിലുണ്ടാവണം. ഇതിൽ ദുരഭിമാനത്തിന്റെ പ്രശ്നമേ ഉദിക്കുന്നില്ല. എന്തെന്നാൽ, അതിദരിദ്രരില്ലാത്ത നാട് രാജ്യക്ഷേമവും മനുഷ്യപുരോഗതിയും ആഗ്രഹിക്കുന്ന എല്ലാ സുമനസ്സുകളുടെയും സ്വപ്നമാണല്ലോ.

# കത്തോലിക്കർ മതപരിവർത്തനം നടത്താറില്ല

## കേന്ദ്രമന്ത്രി കിരൺ റിജിജു

ന്യൂഡൽഹി: കത്തോലിക്കർ മതപരിവർത്തനം നടത്താറില്ലെന്ന് കേന്ദ്ര ന്യൂനപക്ഷമന്ത്രി കിരൺ റിജിജു. അറിവു പ്രചരിപ്പിക്കലാണ് കത്തോലിക്കർ ചെയ്യുന്നത്. ജനങ്ങൾ അതു സ്വീകരിക്കുന്നുവെന്നും ഫരീദാബാദ് രൂപതയെ അതിരൂപതയായി ഉയർത്തുന്ന ചടങ്ങിൽ പങ്കെടുത്തു സംസാരിക്കവേ അദ്ദേഹം പറഞ്ഞു. ചരിത്രത്തിലേക്കു നോക്കുകയാണെങ്കിൽ എഡി 52 ൽ ഇന്ത്യയിൽ ക്രൈസ്തവമതം ആരംഭിച്ചതിനുശേഷം രാജ്യത്തിന്റെ വിവിധതലങ്ങളിൽ അവർ നൽകിയ സേവനം വിലമതിക്കാനാവാത്തതാണ്. പ്രത്യേകിച്ചും ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ക്രൈസ്തവരുടെ സംഭാവന രാജ്യത്തിന്റെ പുരോഗതിയിൽ വളരെ പ്രാധാന്യം അർഹിക്കുന്നതാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.



*ഫരീദാബാദ് രൂപതയെ അതിരൂപതയായി ഉയർത്തുന്ന ചടങ്ങിൽ കേന്ദ്രന്യൂനപക്ഷമന്ത്രി കിരൺ റിജിജു പ്രസംഗിക്കുന്നു.*

കത്തോലിക്കാസഭയുടെ അടച്ചടക്കവും കേന്ദ്രീകൃതസ്വഭാവവും തന്നെ പലപ്പോഴും അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. ഫ്രാൻസിസ് മാർപാപ്പയുടെ സംസ്കാരച്ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു പങ്കെടുത്തപ്പോൾ അവിടത്തെ ഓരോ ചടങ്ങും വളരെ കൃത്യതയോടെയാണു സംഘടിപ്പിച്ചത്. മതചടങ്ങിനപ്പുറം സഭയുടെ പ്രവർത്തനരീതികളിൽനിന്നു വ്യക്തിപരമായി ധാരാളം പഠിക്കാനുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യ തുടക്കംമുതൽ മതനിരപേക്ഷരാജ്യമാണ്. എല്ലാവരെയും തുല്യമായി പരിഗണിക്കുന്ന രാജ്യമാണിത്. സമൂഹമാധ്യമങ്ങളിലെ വിദ്വേഷപ്രചാരണം തള്ളിക്കളയണം. കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത് 'സബ് കാ സാത്ത് സബ്കാ വികാസ്' എന്ന ആപ്തവാക്യമാണ്. ഇന്ത്യയെ വികസിതഭാരതമാക്കാൻ നാം എല്ലാവരും ഒരുമിച്ചുപ്രവർത്തിക്കണം. ഏതൊരു ആവശ്യത്തിലും സർക്കാർ ഒപ്പമുണ്ടെന്നും റിജിജു ആശംസാപ്രസംഗത്തിൽ പറഞ്ഞു.

# മദർ ഏലീശ്വാ 8 ന് വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക്





കൊച്ചി: കേരളസഭയിലെ ആദ്യസന്ന്യാസിനിയും ഇന്ത്യയിലെ സ്ത്രീകൾക്കുവേണ്ടിയുള്ള പ്രഥമ കർമലീത്താ നിഷ്പാദുക മൂന്നാം സഭയുടെ സ്ഥാപികയുമായ മദർ ഏലീശ്വായെ 8 നു വല്ലാർപാടം ബസിലിക്കയിൽ നടക്കുന്ന ചടങ്ങിൽ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തും. മലേഷ്യയിലെ പെനാങ് രൂപതാധ്യക്ഷൻ കർദിനാൾ ഡോ. സെബാസ്റ്റ്യൻ ഫ്രാൻസിസ് വൈകിട്ട് 4.30 ന് പ്രഖ്യാപനം നടത്തും.

ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ് ഡോ. ലിയോപോൾദോ ജിറെല്ലി, കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസ്, വരാപ്പുഴ ആർച്ചുബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ എന്നിവർ ചടങ്ങുകൾക്കു കാർമികത്വം വഹിക്കും.

നോവൽ 15



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

**താ**ൻ ഏറ്റവും വെറുക്കുന്ന മകന്റെ വരവ് മാത്തുക്കുട്ടിയെ ആകെ അസ്വസ്ഥനാക്കി. ബെഡ്ഡിൽനിന്നെഴുന്നേറ്റ് ഓടാൻ കഴിയുമായിരുന്നെങ്കിൽ അയാൾ അതു ചെയ്യുമായിരുന്നു. പപ്പായുടെ ബെഡ്ഡിനരികെ വന്നു നിന്നതല്ലാതെ ഒരക്ഷരം പറയാൻ റോണിക്കു കഴിഞ്ഞില്ല. എന്തു പറയണം? എങ്ങനെ തുടങ്ങണം? റോണിക്കറിയില്ല. അല്പനേരം കൂടി പപ്പായുടെ ബെഡ്ഡിനരികെ നിന്നശേഷം അവൻ ഷേർലിച്ചേച്ചിയുടെയടുത്ത് സോഫായിൽ ചെന്നിരുന്നു.

"നീയെങ്ങനെയാ ഈ വിവരമറിഞ്ഞെ?" ഷേർലി ചോദിച്ചു.

"ചാനലിലൊക്കെയുണ്ടായിരുന്നു. ആദ്യം വന്ന ന്യൂസ് പപ്പാ മരണപ്പെട്ടെന്നാ. പിന്നെ മരിച്ചിട്ടില്ലെന്നു തിരുത്തുവന്നു." റോണി പറഞ്ഞു.

"വാ... പുറത്തുനിന്നു സംസാരിക്കാം." ഷേർലി റോണിയെയും കൂട്ടി റൂമിനു വെളിയിലേക്കിറങ്ങി.

"റോണി, നീ ഇപ്പഴിങ്ങോട്ടു വരണ്ടായിരുന്നു. അയാൾ വെട്ടി മുറിവുണ്ടാക്കിയതിനെക്കാൾ വലിയ മനോവേദനയാ പപ്പായിപ്പോഴനുഭവിക്കുന്നത്." ഷേർലി പറഞ്ഞു.

''എന്നോടു പെണക്കോം വിരോധോം പപ്പയ്ക്കുണ്ട്. എന്നാലും ഞാൻ പപ്പായുടെ മകനല്ലേ ചേച്ചീ."

"അതെ. മകനാണ്. നിന്നേം എന്നേം പപ്പാ സ്നേഹിച്ചിട്ടില്ലാന്നു വിചാരിക്കുന്നുണ്ടോ?''

"ഞാൻ ജീനായെ സ്നേഹിച്ചു. അവളെന്നെയും. അവളുടെ അപ്പനു മനോരോഗമുണ്ടെന്നൊന്നും ഞാനറഞ്ഞിരുന്നില്ല. ഒരു ദിവസം അവൾ ആ വിവരം, എന്നെ അറിയിച്ചു. വിങ്ങിപ്പൊട്ടിക്കൊണ്ട് നമുക്കു പിരിയാമെന്ന് അവൾ പറഞ്ഞതാണ്. ഞാനവളെ ആശ്വസിപ്പിച്ചു. അപ്പന്റെ മനോരോഗം ഞാനൊരിക്കലും പ്രശ്നമാക്കുന്നില്ലെന്നു പറഞ്ഞു. ജീവിതത്തിലൊരിക്കലും അക്കാര്യം പറഞ്ഞ് അവളെ വേദനിപ്പിക്കില്ലെന്നും പറഞ്ഞു. നമ്മുടെ വീട്ടിൽ ഞാനീക്കാര്യം പറഞ്ഞപ്പോൾ വലിയ കോലാഹലമുണ്ടായത് ചേച്ചിയോർക്കുന്നില്ലേ."

"ഓർക്കുന്നുണ്ട്. നിന്റെ നല്ല ഭാവിക്കുവേണ്ടിയാ പപ്പായും മമ്മിയും കല്യാണത്തെ എതിർത്തത്."

"ഞാൻ ജീനായെ ഉപേക്ഷിക്കണമായിരുന്നോ ചേച്ചീ?"

"ഞാനങ്ങനെ പറഞ്ഞില്ലല്ലോ. നിങ്ങടെ സന്തോഷം മാത്രമേ ഞാനാഗ്രഹിച്ചുള്ളൂ. പപ്പാ വീട്ടീന്നു നിങ്ങളെ ഇറക്കിവിട്ടപ്പോൾ ഞാനും മമ്മിയും കരഞ്ഞു. പപ്പായോട് എതിർത്തുനിൽക്കാൻ കഴിയുമായിരുന്നില്ല. നിനക്കു നല്ലൊരു ജോലിയുള്ളതുകൊണ്ട് രണ്ടുപേർക്കും സന്തോഷത്തോടെ ഒറ്റയ്ക്കു താമസിക്കാമല്ലോയെന്നും കരുതി."

''സന്തോഷമായിരുന്നു. ഒത്തിരി സന്തോഷത്തോടെയാ ഞങ്ങൾ ജീവിച്ചത്."

"പിന്നെ നിങ്ങൾക്കിടയിൽ എന്താ ഉണ്ടായെ?"

''ചേച്ചിയോടു പറയാൻ വയ്യാത്ത ഒരു സംഭവമുണ്ടായി. അതാണ് എല്ലാ ദുരന്തത്തിനും കാരണം."

''അവൾ തനിയെ മരിച്ചതല്ലേ?"

"ആയിരിക്കും."

''നിനക്കതിൽ സംശയമുണ്ടോ?"

"അവളുടെ വലിയ അയോഗ്യത അറിഞ്ഞുകൊണ്ട്, വീട്ടുകാരുടെ എതിർപ്പിനെ അവഗണിച്ച് ഞാനവളെ വിവാഹം ചെയ്തില്ലേ? അതവൾ ഓർക്കേണ്ടതായിരുന്നില്ലേ?"

"മതി. എന്നോടു പറയാൻ വയ്യാത്ത സംഭവം നിന്റെ മനസ്സിൽത്തന്നെ വച്ചേക്ക്. എനിക്കാരുടേം രഹസ്യം അറിയണമെന്നില്ല. എന്റെ മനസ്സിലുമുണ്ടെടാ ചില രഹസ്യങ്ങൾ. വെളിപ്പെടുത്താത്തത് നിന്റെ നന്മയ്ക്കുവേണ്ടിയാ."


റോണി വിസ്മയത്തോടെ ഷേർലിയെ നോക്കി.

"ജീനാ, ചേച്ചിയോട് എന്തെങ്കിലും പറഞ്ഞിരുന്നോ?"

"പേടിക്കണ്ട. അവളൊന്നും പറഞ്ഞിട്ടില്ല. ഒന്നു പറയാം. അവൾ നല്ലവളായിരുന്നു. നിന്നെയവൾ ഒരുപാട് സ്നേഹിച്ചിരുന്നു. നീ സ്നേഹിച്ചതിലുമധികം."

''തെറ്റ് എന്റെ ഭാഗത്താ. ഞാൻ കാരണമാ ജീനാ മരിച്ചത്... ഒരു ദിവസംപോലും എനിക്ക് ഉറങ്ങാൻ പറ്റുന്നില്ല ചേച്ചീ. ജീവിതത്തിലിനിയൊരിക്കലും മനസ്സമാധാനമെനിക്കുണ്ടാകില്ല.'' റോണി വിങ്ങിപ്പൊട്ടി.

"വിഷമിക്കാതെടാ. മറക്കാനുള്ള വലിയ ഒരു കഴിവ് മനുഷ്യനു ദൈവം നൽകീട്ടൊണ്ട്. ജീനായെ നീ മറക്കും. ഞാൻ മറക്കും. അവളുടെ രക്ഷിതാക്കൾ മറക്കും. സകലരും മറക്കും.



ജീവിതത്തിൽ പുതിയ സ്നേഹബന്ധങ്ങൾ വളർന്നുവരികയും ചെയ്യും."

"ഷേർലീ... മോളേ...ഷേർലീ." റൂമിൽനിന്നു മാത്തുക്കുട്ടി വിളിക്കുന്നതു കേട്ടു.

"എടാ... പപ്പാ വിളിക്കുന്നു... ഞാൻ ചെല്ലട്ടെ. നീ പൊയ്ക്കോ." ഷേർലി അങ്ങനെ പറഞ്ഞ് അകത്തേക്കു കയറി.

റോണി എന്തു ചെയ്യണമെന്നറിയാതെ റൂമിനു വെളിയിൽത്തന്നെ നിന്നു. വിവിധങ്ങളായ ചിന്തകൾ അവന്റെ മനസ്സിലേക്കിരമ്പിക്കയറി. മാനസികരോഗിയാണെങ്കിലും ജീനായുടെ അപ്പൻ അവളെ സ്നേഹിച്ചിരുന്നു. തന്റെ പപ്പാ അവളെ കൊല്ലിച്ചതാണെന്ന് അയാൾ കരുതുന്നു. പ്രതികാരം ചെയ്യാനെത്തിയതാണ്. ഭാഗ്യംകൊണ്ടു മാത്രം പപ്പാ മരണപ്പെടാതെ രക്ഷപ്പെട്ടു. പപ്പായുടെ പക്കൽ ലൈസൻസുള്ള റിവോൾവറുണ്ടായിരുന്നു. അതെടുത്തു പ്രയോഗിച്ചിരുന്നെങ്കിൽ ജീനായുടെ പപ്പായും മരണപ്പെടുമായിരുന്നു. ഒരു മഹാദുരന്തമാണ് വഴിമാറിപ്പോയത്. ഇപ്പോൾ പാലച്ചുവട്ടിൽ ജോസ് ഭ്രാന്താശുപത്രിയിലെ സെല്ലിലാണ്. ഇനിയൊരിക്കലും വെളിച്ചം കാണില്ല. നരകയാതനയനുഭവിച്ച് ഒരു ദിവസം ആ മനുഷ്യൻ അവസാനിക്കും. എന്തൊരു ദുർവിധി!

ഇടനാഴിയിലൂടെ മമ്മി നടന്നു വരുന്നത് റോണി കണ്ടു. ഫ്ളാസ്കും മറ്റൊരു കൂടും തൂക്കിപ്പിടിച്ചിട്ടുണ്ട്. മേരിക്കുട്ടി അടുത്തെത്തി നിന്നു.

ഒരു 'പേക്കോലം'പോലെ വികൃതമായി കാണപ്പെട്ട മകനെ അവർ ഉറ്റുനോക്കി. സങ്കടംകൊണ്ട് മേരിക്കുട്ടിയുടെ കണ്ണുകൾ നിറഞ്ഞു.

"നീയെപ്പോ വന്നടാ." മമ്മി തിരക്കി.

"കുറേ നേരമായി."

"പപ്പായെ കയറിക്കണ്ടോ?"

"കണ്ടു."

''ഒട്ടും പ്രതീക്ഷിക്കാത്ത നേരത്ത് ഓടിക്കയറിവന്ന് വെട്ടുകല്ലായിരുന്നോ? കർത്താവു കാത്തു." മേരിക്കുട്ടി പറഞ്ഞു.

''ഞാൻ കാരണം എല്ലാവർക്കും എന്തെല്ലാം ബുദ്ധിമുട്ടുകളാ ഉണ്ടാകുന്നെ.'' റോണി പറഞ്ഞു.

"സുബോധമില്ലാത്ത മനുഷ്യനാ ഓർക്കാപ്പുറത്ത് പാഞ്ഞുചെന്ന് പത്രം വായിച്ചോണ്ടിരുന്ന പപ്പായെ വെട്ടിയത്. ദൈവാനുഗ്രഹംകൊണ്ട് ഇത്രയല്ലേ പറ്റിയുള്ളൂ."

"ഇതെന്താ മമ്മീ, ഈ കൂടിനകത്ത്?"

"പപ്പായ്ക്കുള്ള ഭക്ഷണമാ. പച്ചക്കപ്പ പുഴങ്ങിയതും മത്തിക്കറിയും വേണോന്ന് ഇവിടുന്നു വിളിച്ചുപറഞ്ഞു." പെട്ടെന്നൊണ്ടാക്കിക്കോണ്ടു പോന്നതാ. നെനക്കും കൂടെ കഴിക്കാം. വാ." മേരിക്കുട്ടി ക്ഷണിച്ചു.

"വേണ്ട മമ്മി. എനിക്കു വിശപ്പൊട്ടുമില്ല."

"ഒന്നും നേരേ ചൊവ്വേ കഴിക്കുന്നില്ലെന്നു കണ്ടപ്പഴേ തോന്നി."

''ഞാൻ പോകുകാ മമ്മീ. പപ്പാ എന്നോടൊന്നും മിണ്ടിയില്ല. കണ്ടപ്പം മുഖം കാണിക്കാതെ തിരിഞ്ഞുകിടന്നു."

"എടാ.... പപ്പാ മരണത്തീന്നു കഷ്ടിച്ചു രക്ഷപ്പെട്ടതാ. ഇനിയും ഏതുനേരവും പേടിച്ചു ജീവിക്കേണ്ട ഗതികേടിലാ. എന്തേരെ വെഷമം കാണുമാ മനസ്സില്. നിന്നേം അവളേം വീട്ടിൽ കേറ്റാതിരുന്നതു തെറ്റായിപ്പോയി. പപ്പാ നിന്റെയീ കല്യാണത്തിനെ തിരുനിന്നതൊക്കെ നിന്റെ നന്മയ്ക്കായിരുന്നെന്ന് ഇപ്പോൾ തോന്നുന്നില്ലേ?"

ഉത്തരമില്ലാതെ, മറുപടിയില്ലാതെ റോണി തലകുനിച്ചുനിന്നു.

"എടാ, ഇനിയെങ്കിലും ഒറ്റയ്ക്കിങ്ങനെ വാടകവീട്ടിൽ കെടക്കാതെ നമ്മുടെ വീട്ടിൽ വന്നു താമസിക്ക്. കഴിഞ്ഞതൊക്കെ മറക്ക്. ഷേർലി പപ്പായേം കൂട്ടി അവിടെവന്ന് നിന്നെ വിളിച്ചതല്ലേ?"


"മമ്മീ, ജീനായെ കാൽ ചവിട്ടാൻ സമ്മതിക്കാത്ത ആ വീട്ടിലേക്ക് അവൾ മരിച്ചു കഴിഞ്ഞതേ ഞാൻ വന്നു താമസിച്ചാൽ അവളുടെ ആത്മാവ് സഹിക്കുമോ?"

"ഞാനിനിയൊന്നും പറയുന്നില്ല. നീ ആത്മാവിനോടൊപ്പം അവിടെത്തന്നെ കഴിയ്."

മേരിക്കുട്ടി മുന്നോട്ടു നടന്ന് മുപ്പത്തിനാലാം നമ്പർ റൂമിലേക്കു കയറി. മാത്തുക്കുട്ടിയപ്പോൾ നേരിയ മയക്കത്തിലായിരുന്നു. ഷേർലി പത്രം മടക്കിവച്ച് എഴുന്നേറ്റു.

"പപ്പായ്ക്ക് ഇപ്പം എങ്ങനെയുണ്ട് മോളേ?'' മേരിക്കുട്ടി തിരക്കി.

*ശേഷം 9-ാം പേജിൽ*



## വചനനാളം

നവംബർ 16
പള്ളിക്കൂദാശക്കാലം
മൂന്നാം ഞായർ

സംഖ്യ 9:15 – 18
ഏശ 54:1 – 10
ഹെബ്രാ 9:5 – 15
യോഹ 2:13 – 22



# സകലവും വിശുദ്ധീകരിക്കുന്ന കർത്താവ്



ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

കഴിഞ്ഞയാഴ്ചകളിലെ പഴയനിയമവായനകളിൽ ആദ്യവായന പുറപ്പാടുപുസ്തകത്തിൽനിന്നുള്ള സാക്ഷ്യകൂടാരനിർമാണത്തെയും അതിന്റെ പ്രതിഷ്ഠയെയും സംബന്ധിച്ചുള്ളതായിരുന്നു. ഈയാഴ്ചയിൽ സംഖ്യയുടെ പുസ്തകത്തിൽനിന്നുമുള്ള ഒന്നാമത്തെ വായന സാക്ഷ്യകൂടാരം ഇസ്രയേൽജനത്തിന് എന്തായിരുന്നു എന്നു പറയുന്നു. അവർക്ക് അത് ഒരു അടയാളമായിരുന്നു. ദൈവം തങ്ങളുടെകൂടെയുണ്ട് എന്നതിന്റെ അടയാളം. രാത്രികാലങ്ങളിൽ അഗ്നിരൂപത്തിലും പകൽ മേഘസ്തംഭമായും അവർക്ക് ആ അടയാളം അനുഭവിക്കാൻ സാധിച്ചു. അഗ്നിസ്തംഭങ്ങളും മേഘത്തൂണുകളും ദൈവങ്ങളായിരുന്നില്ല. എന്നാൽ, ദൈവികസാന്നിധ്യത്തിന്റെ അടയാളങ്ങളായിരുന്നു. ആ അടയാളങ്ങൾ അവർക്കു വഴികാട്ടികളായിരുന്നു.

ഇന്ന് ദൈവികസാന്നിധ്യത്തിന്റെ അടയാളമായി വർത്തിക്കുന്നത് കൂദാശകളാണ്. കൂദാശകളിലൂടെയാണ് ഇന്ന് സഭാസമൂഹത്തിനു ദൈവത്തെ അനുഭവിക്കാൻ സാധിക്കുന്നത്. ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നുള്ള വായനയിൽ ഇസ്രയേലിനു ദൈവം നല്കുന്ന ഉറപ്പാണ് നാം കാണുന്നത്. കൂടെ നടക്കുന്നവൻ കരുണ കാണിക്കുന്നവനാണ്. യഹൂദജനം അടിമത്തത്തിലേക്കുപോയി തിരിച്ചുവരുന്നതിനെക്കുറിച്ചുള്ള പ്രതിപാദ്യമാണ് ഇവിടെയുള്ളത്. നിമിഷനേരത്തേക്കു നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാകരുണയോടെ നിന്നെ ഞാൻ തിരിച്ചുവിളിക്കും. അനന്തമായ സ്നേഹത്തോടെ നിന്നോടു ഞാൻ കരുണകാണിക്കും. അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല. പുറപ്പാടു പുസ്തകം 34:6,7 വചനങ്ങളിൽ കാണുന്ന ദൈവദർശനമാണ് ഇവിടെ പ്രകടമാകുന്നത്: അവിടുന്ന് കാരുണ്യവാനും കൃപാലുവുമാണ്. എന്നാൽ, തെറ്റിനുനേരേ കണ്ണടയ്ക്കുകയുമില്ല. ആയിരം തലമുറകളോളം കരുണ കാണിക്കുന്നവനാണ് കർത്താവ്.

ഹെബ്രായർക്കെഴുതപ്പെട്ട ലേഖനത്തിലും ജറുസലേം ദൈവാലയത്തിലുണ്ടായിരുന്ന വാഗ്ദാനപേടക (ഉടമ്പടിയുടെ പേടകം)ത്തെക്കുറിച്ചാണു വിവരിക്കുന്നത്. ഉടമ്പടിയുടെ പേടകവും അതിനുമുമ്പിലെ ശുശ്രൂഷയുമെല്ലാം വരാനിരിക്കുന്ന നിത്യമഹത്ത്വത്തിന്റെ പ്രതിരൂപങ്ങൾ മാത്രമാണ്. വരാനിരിക്കുന്ന മഹത്ത്വങ്ങളുടെ പ്രധാനപുരോഹിതനായി വന്ന മിശിഹായുടെ അർപ്പണത്തിലൂടെ, അതായത്, സ്വന്തം രക്തത്തിലൂടെ നിത്യരക്ഷ ഉറപ്പാക്കിക്കൊണ്ട് വിശുദ്ധസ്ഥലത്തു പ്രവേശിച്ചു. അതിലൂടെ ജീവിക്കുന്ന ദൈവത്തെ ശുശ്രൂഷിക്കാൻ നമ്മെ യോഗ്യരാക്കി. തന്റെ മരണത്തിലൂടെ അവിടുന്ന് പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായി.

**ദൈവാലയശുദ്ധീകരണത്തിലൂടെ മിശിഹാ തന്നെത്തന്നെ സമർപ്പിച്ച് മനുഷ്യകുലത്ത വിശുദ്ധീകരിച്ച് ദൈവപിതാവിന്റെ മുമ്പിൽ സമർപ്പിക്കുന്നതിനെയാണ് അനുസ്മരിക്കുന്നത്. പള്ളിക്കൂദാശക്കാലം അനുസ്മരിക്കുന്നതും മിശിഹായാൽ വിശുദ്ധീകരിക്കപ്പെട്ട സഭ മിശിഹായോടൊപ്പം സ്വർഗീയജറുസലേമിൽ പ്രവേശിക്കുന്നതും മിശിഹാ സഭയെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നതുമാണ്.**

സകലവും വിശുദ്ധീകരിക്കുന്ന മിശിഹായുടെ ദൗത്യമാണ് ഇന്നത്തെ സുവിശേഷഭാഗത്തു കാണുന്നത്. പെസഹാത്തിരുനാളിന്റെ പശ്ചാത്തലത്തിൽ ജറുസലേംദൈവാലയം ശുദ്ധീകരിക്കുന്ന സംഭവത്തിലൂടെയും ഈ ദൈവാലയം നശിപ്പിച്ചാൽ മൂന്നുദിവസംകൊണ്ടു പുനരുദ്ധരിക്കും എന്നു പറയുന്നതിലൂടെയും മിശിഹായുടെ ദൗത്യത്തെയാണ് എടുത്തുപറയുന്നത്. ദൈവാലയശുദ്ധീകരണത്തിലൂടെ മിശിഹാ തന്നെത്തന്നെ സമർപ്പിച്ച് മനുഷ്യകുലത്തെ വിശുദ്ധീകരിച്ച് ദൈവപിതാവിന്റെ മുമ്പിൽ സമർപ്പിക്കുന്നതിനെയാണ് അനുസ്മരിക്കുന്നത്. പള്ളിക്കൂദാശക്കാലം അനുസ്മരിക്കുന്നതും മിശിഹായാൽ വിശുദ്ധീകരിക്കപ്പെട്ട സഭ മിശിഹായോടൊപ്പം സ്വർഗീയജറുസലേമിൽ പ്രവേശിക്കുന്നതും മിശിഹാ സഭയെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നതുമാണ്. ആ സമർപ്പണത്തിന്റെ മുന്നാസ്വാദനമാണ് ഓരോ പരിശുദ്ധകുർബാനയിലും യാഥാർഥ്യമാകുന്നത്. അവിടുത്തെ തിരുശ്ശരീരരക്തങ്ങളാൽ വിശുദ്ധീകരിക്കപ്പെടുന്നവർ നിത്യമഹത്ത്വത്തിന് യോഗ്യരാക്കപ്പെടുന്നു. ■




### തീരങ്ങളിലൂടെ
**സോണി വെട്ടിക്കാലായിൽ സി. എസ്. ടി.**

ജീവിതയാത്രയിൽ കൈത്താങ്ങാകുന്ന, ദൈവോന്മുഖമായ ഇരുപത്തിയൊന്നു ചെറുവിചിന്തനങ്ങളുടെ സമാഹാരം. മനസ്സിൽ ശാന്തിയും സമാധാനവും നിറയ്ക്കുന്ന രചന. ലളിതവും ആകർഷകവുമായ ആഖ്യാനം.

**പ്രസാധനം: സോഫിയ ബുക്സ്, കോഴിക്കോട്**
**വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ.**
വില: ₹ 65





### മെച്ചപ്പെടലിന്റെ മേച്ചിൽപ്പുറങ്ങൾ
**ഡോ. ഒ. ജെ. സ്കറിയ**

പോസിറ്റീവ് സൈക്കോളജിയുടെ ഭാഗമായ ചില ആശയങ്ങളും, ലോകാരോഗ്യസംഘടന മുന്നോട്ടുവയ്ക്കുന്ന പത്തു ജീവിതനിപുണതകളും ലളിതമായ ഭാഷയിൽ, കഥകളും ഉദ്ധരണികളും സംഭവങ്ങളും കോർത്തിണക്കി നർമത്തിന്റെ മേമ്പൊടിയോടെ അവതരിപ്പിക്കുന്ന ഗ്രന്ഥം.

**പ്രസാധനം: ഡോ. ഒ. ജെ. സ്കറിയ, വിതരണം: സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ.** വില: ₹ 299




ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ



ഒരു വിശ്വാസി, മൂലമറ്റം

ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ







DCD

# ശരിയറിയാതെ 'നോ' പറഞ്ഞാൽ!



ഡോ. ജസ്റ്റിൻ തോമസ്

കൗൺസെലിങ് കോർണർ



യൂട്യൂബ് വീഡിയോസും ഇൻസ്റ്റഗ്രാം ഷോട്ട്സുമൊക്കെ ഇന്ന് ആളുകളെ സ്വാധീനിക്കുന്ന ഇനങ്ങളാണ്. ഇവയെല്ലാം നമ്മെ വളരെയധികം സ്വാധീനിക്കാറുണ്ട്. അതിൽ പല വീഡിയോകളും അശാസ്ത്രീയമെങ്കിലും വിശ്വസനീയമായ അവതരണം ആളുകളെ വഴി തെറ്റിക്കുന്നു. ചിലവ മാരകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നവയാണുതാനും. ഇത്തരം അബദ്ധധാരണകൾക്കു വിധേയയായ ഒരു നാല്പത്തെട്ടുകാരി അവരുടെ ഭർത്താവിനും പിതാവിനുമൊപ്പം എന്നെ കാണാനെത്തി. അവർ സോഷ്യൽ മീഡിയായിൽനിന്നു ലഭിച്ച ചില അറിവുകൾ എന്നോടു പങ്കുവച്ചു:

"നാം 'നോ' പറഞ്ഞു ശീലിക്കണം. നമുക്കു സന്തോഷം കിട്ടുന്ന കാര്യങ്ങൾ മാത്രമേ ചെയ്യാവൂ. എന്റെ ഈ പ്രായത്തിൽ ഞാൻ ജീവിക്കേണ്ടത് എനിക്കുവേണ്ടിയാണ്. അതിനു പലതിനോടും നോ പറഞ്ഞേ പറ്റൂ..."

ഈ സംസാരത്തിനിടയിൽ ഞാൻ അവരോടു ചോദിച്ചു, എന്തിനോടൊക്കെയാണ് നിങ്ങൾ ഈ ദിവസങ്ങളിൽ 'നോ' പറയുന്നത് എന്ന്. അതിന്റെ മറുപടി വിചിത്രമായിരുന്നു:

"ഞാൻ ഹസ്ബൻഡുമായി ഒരുമിച്ചു കിടക്കുന്നതിനോട് 'നോ' പറഞ്ഞു."

"എനിക്ക് ഇഷ്ടമില്ലാത്ത വീട്ടുജോലികൾ ഞാൻ ചെയ്യാറില്ല. എന്റെ ആരോഗ്യം ഇപ്പോൾ വളരെ മോശമാണ്."

"എനിക്ക് മെനപ്പോസ്‌ലക്ഷണങ്ങൾ തുടങ്ങി. എനിക്കു സെക്സിനോട് താത്പര്യമില്ല. എനിക്കു താത്പര്യമില്ലാത്ത കാര്യങ്ങൾ ഹസ്ബൻഡിനു ചെയ്തുകൊടുക്കേണ്ട കാര്യമില്ലല്ലോ...."

"കുട്ടികൾ വേണമെങ്കിൽ ഒറ്റയ്ക്കു പഠിക്കട്ടെ. അവരു പഠിപ്പിക്കണമെന്നു പറഞ്ഞാൽ ഞാൻ 'നോ' പറയും. അയൽപക്കബന്ധങ്ങൾ ഞാൻ കുറച്ചു." ഈ സ്ത്രീയുടെ സംസാരം വളരെ ശ്രദ്ധാപൂർവം കേട്ടിരുന്നശേഷം ഞാൻ അവരോടു ചോദിച്ചു: ഇതൊക്കെ മാഡം എങ്ങനെ മനസ്സിലാക്കി? ഉത്തരം വളരെ പെട്ടെന്നായിരുന്നു: "യൂട്യൂബിലൂടെ... ഞാൻ ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്നത് ഇത്തരം വീഡിയോസ് കാണാനാണ്. ഇപ്പോൾ എന്റെ ജീവിതത്തിന് ഒരർത്ഥമുണ്ട്..." ഇതുകേട്ട് ഞാൻ മനസ്സിൽ പറഞ്ഞു: "ചെയ്യേണ്ട കാര്യം ചെയ്യാതിരുന്നാൽ ജീവിതത്തിന് ഒരർത്ഥവും ഉണ്ടാവില്ല."

അവരുമായി സംസാരിച്ചതിനുശേഷം ഭർത്താവിനെ ഞാൻ കണ്ടു. അദ്ദേഹം ഒരു കമ്പനിയുടെ സെയിൽസ് ഓഫീസറാണ്. ജോലി വലിയ പ്രഷർ കൊടുക്കുന്നുണ്ട്. അതിന്റെയിടയിലാണ് ഭാര്യയുടെ എല്ലാറ്റിനോടുമുള്ള 'നോ'കൾ! ഇദ്ദേഹം പറഞ്ഞതനുസരിച്ച് ഭാര്യ രാവിലെ മുതൽ മൊബൈൽ ഉപയോഗിക്കുന്നു. യൂട്യൂബ് വീഡിയോകൾ ധാരാളമായി കാണുന്നു. കൂട്ടുകാരോടു മണിക്കൂറുകൾ സംസാരിക്കുന്നു. ഭർത്താവിനോടുള്ള സംസാരം വളരെ ഗൗരവത്തോടെയാണ്. തമാശകൾ ആസ്വദിക്കാൻ പറ്റുന്നില്ല. അദ്ദേഹം മറ്റൊരു കാര്യം കൂടി കൂട്ടിച്ചേർത്തു: "പുറത്തുനിന്ന് മൂന്നാമതൊരാൾ വന്നാൽ ഇവർ പെട്ടെന്നുമാറും. പുഞ്ചിരി മുഖത്തു വിരിയും. അടുക്കളയിൽ സജീവമാകും. വാചാലതയോടെ അവരുടെ വിശേഷങ്ങൾ തിരക്കും. എന്നെ (ഭർത്താവിനെ) അവരുടെ മുമ്പിൽ പൊക്കിപ്പറയും. എല്ലാവരുടെയും മുമ്പിൽ മതിപ്പു നേടിയെടുക്കും."

ഭാര്യയോടും ഭർത്താവിനോടും സംസാരിച്ചതിനുശേഷം ഭാര്യാപിതാവിനോടു സംസാരിച്ചപ്പോൾ കാര്യങ്ങൾ കൂടുതൽ വ്യക്തമായി. ഭർത്താവ് പറഞ്ഞ കാര്യങ്ങളെ ശരിവയ്ക്കുന്നതായിരുന്നു അദ്ദേഹം നൽകിയ വിവരങ്ങളും! ഭാര്യയെ അവരുടെ പ്രശ്നങ്ങളിൽനിന്നു പുറത്തുകൊണ്ടുവരാൻ ആറ് സെഷൻസ് ആവശ്യമായി വന്നെങ്കിലും ഇന്നവൾ സന്തോഷത്തോടുകൂടി കഴിയുന്നു.

**എന്തായിരുന്നു ഭാര്യയുടെ പ്രശ്നങ്ങൾ?**

വളരെ സാധാരണക്കാരിയായ സ്ത്രീയായിരുന്നു. യൂട്യൂബും മറ്റു സോഷ്യൽ മീഡിയയും ഈ സ്ത്രീയെ സ്വാധീനിച്ചു തുടങ്ങി. ദാമ്പത്യബന്ധവും സാമൂഹിക പെരുമാറ്റവും രോഗാവസ്ഥകളും ഒക്കെ ഇവർ സോഷ്യൽ മീഡിയായുടെ സഹായത്തോടെ നിർവചിക്കാൻ തുടങ്ങി. ഒപ്പം അവരുടെ ആശയങ്ങളോടു യോജിക്കുന്ന വ്യക്തികളുമായി അനുദിന സംഭാഷണങ്ങൾ സ്ഥിരമാക്കി. ഇത് ഓൺലൈനിലും ഓഫ്‌ലൈനിലും 'എക്കോ ചേംബർ' രൂപീകരണത്തിനു കാരണമായി (https://en.wikipedia.org/wiki Echo_chamber_(media). എക്കോ ചേംബർ എന്നാൽ ഒരേ വിശ്വാസമുള്ളവർ അഭിപ്രായങ്ങൾ ചോദ്യം ചെയ്യപ്പെടാതെ അവതരിപ്പിക്കുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്ന പ്രതിഭാസമാണ്. അവരുടെ കാര്യത്തിൽ അവർ അകപ്പെട്ട എക്കോ ചേംബർ മനുഷ്യബന്ധങ്ങളെ നിർവചിക്കുന്ന സംവാദങ്ങളുടെയും ആരോഗ്യപ്രശ്നങ്ങളുടെയും എക്കോ ചേംബർ ആയിരുന്നു. അവർക്കു ലഭിച്ച വിവരങ്ങൾ കുടുംബത്തിലും അയൽപക്കങ്ങളിലും പ്രാവർത്തികമാക്കി. ഇത് കുടുംബബന്ധത്തെയും അയൽപക്കസൗഹൃദത്തെയും തകിടംമറിച്ചു! ഒപ്പംതന്നെ ഭർത്താവിന്റെ അടുത്ത് എപ്പോഴും ശാരീരികാസ്വസ്ഥത പ്രകടിപ്പിക്കാനും തുടങ്ങി. ഇതു 'സൈബർ കോൺഡ്രിയാ(cyberchon-dria)യുടെ ഭാഗമായിരുന്നു. സൈബർ കോൺഡ്രിയ എന്നാൽ രോഗാവസ്ഥകളെക്കുറിച്ച് ഓൺലൈനിൽ സേർച്ച് ചെയ്ത് കൂടുതൽ ഉത്കണ്ഠയിലേക്കു പോകുന്ന അവസ്ഥയാണ്.

**പ്രശ്നങ്ങൾ മനസ്സിലാക്കിയതിനു ശേഷം എന്തെല്ലാം ചെയ്തു?**

ആദ്യമായി അവർ എടുത്ത തീരുമാനം തനിക്കുകിട്ടുന്ന ഏതൊരു വിവരവും യുക്തിപൂർവം മനസ്സിലാക്കി പ്രാവർത്തികമാക്കും എന്നതാണ്. തുടർന്ന് അവരെടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

ഒരു മെന്ററെ കണ്ടെത്തുകയും തന്റെ ആശയങ്ങളും താൻ എടുക്കുന്ന തീരുമാനങ്ങളും ശരിയാണോ എന്ന് അദ്ദേഹത്തോടു ചർച്ച ചെയ്യുകയും ചെയ്യും.

ഓൺലൈൻ ഉപയോഗത്തിന് ഒരു നിശ്ചിതസമയം നിശ്ചയിക്കും.

ചില യൂട്യൂബ് ചാനലുകൾ/ ആപ്പുകൾ ഒഴിവാക്കും.

സാധാരണജീവിതത്തിൽ, കുടുംബബന്ധങ്ങളും വ്യക്തിബന്ധങ്ങളും മെച്ചപ്പെടുത്തുവാൻ ഉപകരിക്കുന്ന പുസ്തകങ്ങൾ വായിക്കുകയും ക്ലാസുകളിൽ പങ്കെടുക്കുകയും ചെയ്യും.

നിശ്ചിതസമയപരിധിയിൽ കൗൺസലിങ് സെഷനുകളിൽ മുടങ്ങാതെ സംബന്ധിക്കും.

ഒരു ജോലിയിൽ പ്രവേശിക്കും.

**കൗൺസലിങ് സെഷൻ അവരെ എങ്ങനെ സഹായിച്ചു?**

ശരി എന്നു വിചാരിച്ചിരുന്ന കാര്യങ്ങൾ പൂർണമായും ശരിയല്ല എന്ന തിരിച്ചറിവ് അവരിൽത്തന്നെ ഉണർത്തുക എന്നതായിരുന്നു കൗൺസലിങ്സെഷനിലെ പ്രധാനലക്ഷ്യം. അവരുടെ ആശയങ്ങൾ പ്രത്യക്ഷത്തിൽ ശാസ്ത്രീയവും ശരിയായവയും എന്നു തോന്നിച്ചിരുന്നുവെങ്കിലും അതിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കിയപ്പോൾ അവരിലെ മാറ്റം ആരംഭിച്ചു. ഇതിലേക്കായി, TA, NLP, TCI ടെക്നിക്കുകൾ, ഹിപ്നോ തെറാപ്പി, talk തെറാപ്പി, CBT, Mindfullness ടെക്നിക്കുകൾ എന്നിവ ഉപയോഗിച്ചു. അവരുടെ കുടുംബാംഗങ്ങൾക്ക് അവരുടെ പ്രശ്നങ്ങളെക്കുറിച്ചു ധാരണ ലഭിച്ചതോടെ കാര്യങ്ങൾ സുഗമമായി പര്യവസാനിച്ചു. അനുബന്ധ സെഷനുകൾക്ക് എത്തുന്ന അവരുടെ തീക്ഷ്ണത അവരുടെ കുടുംബസാമൂഹിക ബന്ധത്തെ കൂടുതൽ കെട്ടുറപ്പുള്ളതാക്കുന്നു. ഈ ദിവസങ്ങളിൽ അവർ ഓൺലൈൻ ബ്രേക്കിലാണ്. ഓൺലൈൻ ഉപയോഗം അത്യാവശ്യകാര്യങ്ങളിലേക്കു മാത്രമായി ചുരുക്കിയിരിക്കുന്നു. ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാവുക എന്നത് സർവസാധാരണമാണ്. പ്രശ്നങ്ങളെ പരിഹരിച്ച് ജീവിതം സന്തോഷത്തോടെ മുമ്പോട്ടുകൊണ്ടുപോവുക എന്നതാണ് ഓരോ മനുഷ്യവ്യക്തിയുടെയും കടമ. അതിന് നമുക്കേവർക്കും കഴിയട്ടേയെന്ന് ആശംസിക്കുന്നു.

■

## കുഞ്ഞിക്കവിതകൾ

■ കാഞ്ചിയാർ മോഹനൻ

### തരാതരം

തരാതരം
പറയുന്നോനെ,
കുടെക്കൂട്ടി
നടന്നെന്നാൽ
താനൊന്നു
മാറുന്നേരം
തരംപോലവൻ
ചൊല്ലിടും.

### വാക്കും നോക്കും

പറയുവനാരെന്നല്ല
പറയുന്നതു
കേൾക്കുക.
കേൾക്കുന്നവ
നാരെന്നല്ല
കേൾക്കുന്നവനോടു
പറയുക.

### മാറ്റം

മാറ്റങ്ങളനിവാര്യം,
അതിനു
നാറ്റമുണ്ടാവല്ലെന്നു മാത്രം!

### വികാരം

അമ്മയും, മമ്മിയും
രണ്ടും വികാരമത്രേ
മലയാളവും ഇംഗ്ലീഷുംപോലെ.

### പൊങ്ങൻ

എല്ലാം നന്നായെന്നതു
ചൊല്ലുന്നോൻ
കണ്ടിട്ടുണ്ടാവില്ലൊരു
കുന്തവും.
പൊക്കിപ്പറയണമെല്ലാമെന്നാൽ
പൊക്കം
കൂട്ടരുതൊരിക്കലും.

### വിശദാംശം

വിപരീതം വിമർശിച്ചാൽ
വിശദീകരിച്ചു നൽകുക.
വിശദം ചൊല്ലുമ്പോഴും
വിപരീതം ചൊല്ലാതിരിക്കുക.

# കത്തോലിക്കാ കോൺഗ്രസിന്റെ കേരളയാത്ര

നേർമൊഴി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

കേരളയാത്ര കേരളത്തിൽ പുതുമയുള്ള കാര്യമല്ല. ആണ്ടുതോറും അത്തരത്തിലുള്ള പല യാത്രകളും നടക്കാറുണ്ട്. മിക്ക യാത്രകളും സംഘടിപ്പിക്കുന്നത് രാഷ്ട്രീയപാർട്ടികളാണ്. അവർക്കാണ് അതിനുള്ള സംഘടനാശേഷിയും നേതൃനിരയും സാമ്പത്തികശേഷിയുമുള്ളത്. യാത്ര ആവശ്യമായിരിക്കുന്നതും രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കുതന്നെ. പാർട്ടി നിലനില്ക്കുന്നു എന്നറിയിക്കാനും അണികളെ ഉണർത്താനും നേതാക്കന്മാർക്കു പ്രവർത്തനവേദികളൊരുക്കാനും അവകാശവാദങ്ങൾ ഉന്നയിക്കാനും പിരിവു നടത്താനുമൊക്കെ യാത്രകൾ സഹായിക്കുമെന്നു നേതാക്കന്മാർക്കറിയാം.

എ.കെ.സി.സി. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന കത്തോലിക്കാ കോൺഗ്രസിന്റെ കേരളയാത്ര വ്യത്യസ്തമായിരുന്നു. എല്ലാ യാത്രകളുടെയും സഞ്ചാരപാത തന്നെയാണ് കത്തോലിക്കാ കോൺഗ്രസും സ്വീകരിച്ചതെന്നു സമ്മതിക്കുന്നു. കാസർകോട്ടുനിന്നു തിരുവനന്തപുരത്തേക്കായിരുന്നു യാത്ര. കേരളമൊട്ടാകെയുള്ള യാത്രയായിട്ടാണ് ഇതിനെ കാണേണ്ടത്. കത്തോലിക്കാ കോൺഗ്രസിന്റെ യാത്രയുടെ പേര് ശ്രദ്ധേയമായിരുന്നു – അവകാശസംരക്ഷണയാത്ര. യാത്രയുടെ ഉദ്ദേശ്യവും പ്രസക്തിയും പേരിൽത്തന്നെ വ്യക്തമാണ്. അർഹമായ അവകാശങ്ങൾ പലതും നിഷേധിക്കപ്പെട്ട അവസ്ഥയിലാണ് കത്തോലിക്കാ കോൺഗ്രസ് പ്രതിനിധാനം ചെയ്യുന്ന സമുദായം. ഒക്ടോബർ പതിമ്മൂന്നാം തീയതി മലബാറിൽ നിന്നാരംഭിച്ച അവകാശ സംരക്ഷണയാത്ര ഇരുപത്തിനാലാം തീയതി തിരുവനന്തപുരത്തു സമാപിച്ചു. സാധിക്കുന്നിടത്തോളം ജില്ലകളെയും രൂപതാകേന്ദ്രങ്ങളെയും കോർത്തിണക്കിയായിരുന്നു യാത്ര. നൂറുകണക്കിനു സ്വീകരണകേന്ദ്രങ്ങളിൽ ഊഷ്മളമായ വരവേല്പാണ് യാത്രയ്ക്കു ലഭിച്ചത്. വെറുമൊരു സമുദായസംഘടനയ്ക്ക് ഇത്രയധികം ജനപിന്തുണ സാധാരണനിലയിൽ ലഭിക്കാറില്ല. കത്തോലിക്കാ കോൺഗ്രസിനു ലഭിച്ച വലിയ ജനപിന്തുണ അതു പൊതുസൂഹത്തിൽ ഉയ.ർത്തിയ മുദ്രാവാക്യത്തിന്റെ പ്രസക്തി മൂലമത്രേ. നീതി ഔദാര്യമല്ല; അവകാശമാണെന്ന് സ്വീകരണപ്പന്തലുകളിൽ വിളിച്ചുപറയാൻ നേതാക്കൾക്കായി.

107 വർഷത്തെ പ്രവർത്തനപാരമ്പര്യമുള്ള മഹത്തായ ഒരു ജനകീയപ്രസ്ഥാനമാണ് കത്തോലിക്കാ കോൺഗ്രസ്. സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് നാടിന്റെ പൊതുനന്മയ്ക്കും വികസനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി പ്രവർത്തിച്ച കത്തോലിക്കാകോൺഗ്രസിൽ അറിവും




നേതൃവാസനയും സേവനസന്നദ്ധതയുമുള്ള സമുദായാംഗങ്ങൾ അണിചേർന്നു. അക്കാലത്ത് കത്തോലിക്കാ കോൺഗ്രസ് വലിയൊരു ജനശക്തിയായി മാറിയിരുന്നു. എന്നാൽ, സ്വാതന്ത്ര്യലബ്ധിയോടെ കരുത്തരും ജനസ്വാധീനമുള്ളവരുമായ സമുദായാംഗങ്ങൾ രാഷ്ട്രീയവഴികളിലൂടെ സഞ്ചരിച്ചു എന്നതാണ് സത്യം. കത്തോലിക്കാ കോൺഗ്രസ് പേരുകൊണ്ട് കത്തോലിക്കാമതവിഭാഗത്തിന്റെ സൂചന നൽകുന്നുവെങ്കിലും അത് കത്തോലിക്കാമതത്തിന്റെ മാത്രം ആവശ്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന വർഗീയസംഘടനയല്ല. വിശ്വാസത്തിൽ അടിയുറച്ചതും സമുദായസ്വത്വം ഉൾക്കൊള്ളുന്നതും അതേസമയം സ്വതന്ത്രവും സാമൂഹികസാംസ്കാരിക സ്വഭാവമുള്ളതുമായ സംഘടനയാണ് കത്തോലിക്കാ കോൺഗ്രസ്. അതു സഭയോടൊത്താണ് പ്രവർത്തിക്കുന്നതെങ്കിലും അതിന്റെ നേതാക്കന്മാരെല്ലാം അല്മായരാണ്.

വർഗീയതയ്ക്കും വിഭാഗീയതയ്ക്കും വിഭജനത്തിനും നീതിനിഷേധത്തിനും എതിരായി സ്വീകരിക്കുന്ന നിലപാടുകളാണ് എ.കെ.സി.സി.യെ വ്യതിരിക്തമാക്കുന്നത്. കത്തോലിക്കാ കോൺഗ്രസിന് പ്രത്യേകരാഷ്ട്രീയ ചായ്‌വുകളില്ല. ഉണ്ടെന്നു വരിത്തിത്തീർക്കാൻ ശ്രമിക്കുന്നവർ പ്രസ്ഥാനത്തെ തകർക്കാൻ ആഗ്രഹിക്കുന്നവരും പ്രസ്ഥാനത്തെ ഭയപ്പെടുന്നവരുമാണ്. രാഷ്ട്രീയമുന്നണികളെ പിന്തുണയ്ക്കുകയോ എതിർക്കുകയോ സംഘടനയുടെ ലക്ഷ്യമല്ല. അധികാരവും പണവും രാഷ്ട്രീയ നേതൃത്വത്തിനുമാത്രമാണെന്നറിയാമെങ്കിലും പാർലമെന്ററി പൊളിറ്റിക്സിൽ ഇടപെടാൻ കത്തോലിക്കാ കോൺഗ്രസ് ആഗ്രഹിക്കാത്തത് അത് സംഘടനയുടെ സ്വഭാവത്തിനു നിരക്കുന്നതല്ല എന്ന ഉറച്ച ബോധ്യമുള്ളതുകൊണ്ടാണ്. കത്തോലിക്കാ കോൺഗ്രസ് പൗരാവകാശങ്ങൾക്കും വ്യക്തിസ്വാതന്ത്ര്യത്തിനും ന്യൂനപക്ഷാവകാശങ്ങൾക്കും വിവേചനപരമായ നീതിനിഷേധങ്ങൾക്കും എതിരായ നിലപാടാണ് സ്വീകരിച്ചുപോരുന്നത്.

കത്തോലിക്കാ കോൺഗ്രസിന്റെ കേരളയാത്ര അക്ഷരാർത്ഥത്തിൽ സന്ദേശയാത്രയായിരുന്നു. മതേതരത്വഭരണഘടന സംരക്ഷിക്കുക, ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുക അതു നടപ്പിലാക്കുക, വന്യമൃഗാക്രമണങ്ങളിൽനിന്നു കർഷകരെ സംരക്ഷിക്കുക, ഭൂനിയമങ്ങൾ പരിഷ്കരിക്കുകയും ഉപാധിരഹിത പട്ടയങ്ങൾ നൽകുകയും ചെയ്യുക, കാർഷികവിളകളുടെ വിലത്തകർച്ച തടയുക, വിദ്യാഭ്യാസ ന്യൂനപക്ഷാവകാശങ്ങളിലെ വിവേചനം അവസാനിപ്പിക്കുക തുടങ്ങിയ പൊതുസമൂഹത്തിനുകൂടി പ്രയോജനകരമായ മുദ്രാവാക്യങ്ങൾ ഉയർത്തിയായിരുന്നു കത്തോലിക്കാ കോൺഗ്രസിന്റെ അവകാശസംരക്ഷണയാത്ര. ഭരണകൂടങ്ങളും രാഷ്ട്രീയ പാർട്ടികളും ഇതിനെ ജനശബ്ദമായി പരിഗണിക്കുമെന്നു പ്രത്യാശിക്കാം. ■



## മിഴിയിതൾപ്പൂക്കൾ

*6–ാം പേജ് തുടർച്ച*

"രാത്രി ഞെട്ടിയെഴുന്നേറ്റ് ഒച്ചയുണ്ടാക്കുന്നുണ്ട്. മറ്റു കുഴപ്പമൊന്നുമില്ല മമ്മീ."

"എന്നു പോകാമെന്നു ഡോക്ടർ പറഞ്ഞോ?"

"നാളെ കഴിഞ്ഞു പോകാമെന്നാ പറഞ്ഞത്. ഒരു കൗൺസിലിങ്കൂടി കൊടുക്കണമെന്നു പറഞ്ഞു. സൈക്കോളജിസ്റ്റ് ഇവിടെയുണ്ട്."

"പപ്പാ... വല്ലാതെ പേടിച്ചിട്ടുണ്ട്. അയാള്... ആ ഭ്രാന്തൻ കലിയിളകി അലറിക്കൊണ്ടുവന്ന് തുരുതുരാ വെട്ടുകല്ലായിരുന്നോ? ചോരയിൽ കുളിച്ച പപ്പായെയെടുത്ത് ആംബുലൻസിൽ കയറ്റിക്കൊണ്ടുപോകുന്ന കാഴ്ച കണ്ട് എന്റെ തലകറങ്ങി. ഹൊ! ആ ഒരു ദിവസം, ഓർക്കുമ്പം പേടിയാകുകാ. ധൈര്യത്തോടെ വലിയ ചൂരൽവടിയെടുത്ത് നീയയാളുടെ തലയ്ക്കടിച്ചതുകൊണ്ടാ പപ്പാ രക്ഷപെട്ടത്. അപ്പഴത്തേക്കും എവിടുന്നൊക്കെയോ ആളുകളും ഓടിക്കൂടി. അല്ലായിരുന്നെങ്കിൽ ഭ്രാന്തൻ എല്ലാരേം വെട്ടിക്കൊല്ലുമായിരുന്നു." മേരിക്കുട്ടി പറഞ്ഞു.

അമ്മയും മകളും തമ്മിലുള്ള സംസാരംകേട്ട് മാത്തുക്കുട്ടി മയക്കത്തിൽനിന്നുണർന്നു.

"എടീ... മോളേ... എനിക്കൊന്നെണീക്കണം." മാത്തുക്കുട്ടി പറഞ്ഞു. മേരിക്കുട്ടിയും ഷേർലിയും ചേർന്ന് താങ്ങി അയാളെ എഴുന്നേല്പിച്ചിരുത്തി. പിന്നെ മുഖം കഴുകിച്ചു.

"നീയെപ്പഴെത്തി?" മാത്തുക്കുട്ടി ഭാര്യയെ നോക്കി.

"ഞാനിപ്പം വന്നതേയുള്ളൂ." മേരിക്കുട്ടി പറഞ്ഞു.

"അവൻ പോയല്ലേ!"

"പോയി." ഷേർലി പറഞ്ഞു.

"ഇനി എന്നെ കാണാൻ വന്നേക്കരുതെന്നു വിളിച്ചു പറഞ്ഞേക്കണം." മാത്തുക്കുട്ടി കർശനമായി പറഞ്ഞു.

അപ്പോൾ ഡോറിൽ ആരോ മുട്ടുന്ന ശബ്ദമുണ്ടായി. ഷേർലി ചെന്നു വാതിൽ തുറന്നപ്പോൾ മാത്തുക്കുട്ടിയുടെ സ്നേഹിതനായ പനമറ്റം സണ്ണിക്കുട്ടി മുറിയിലേക്കു കയറി വന്നു.

സണ്ണി സ്നേഹിതന്റെ കൈയിൽപ്പിടിച്ച് മുഖത്തുറ്റുനോക്കി നിശ്ശബ്ദനായി ഒരു നിമിഷം നിന്നു.

"ഇങ്ങനെയൊരു കാഴ്ച തമ്മിൽ ഉണ്ടാകേണ്ടതല്ലായിരുന്നു. കല്ലറയിൽ സ്വപ്നമായി സ്വസ്ഥമായി കിടക്കേണ്ടതാ." മാത്തുക്കുട്ടി വികാരാധീനനായി പറഞ്ഞു.

"ഇതു ചെയ്തവനെ പൊലീസ് പിടികൂടിയില്ലേ?"

"വട്ടനല്ലേ? മുഴുവട്ടൻ! അവൻ പോലീസിനു കീഴടങ്ങി. മനോരോഗാശുപത്രീലെ സെല്ലിലാക്കിയെന്നു കേട്ടു. എന്നെ കൊന്നിരുന്നെങ്കിലും അവനെ ശിക്ഷിക്കാൻ വകുപ്പില്ലല്ലോ. മനോരോഗിയല്ലേ."

"ഭാഗ്യംകൊണ്ട് രക്ഷപെട്ടു അല്ലേ?"

"ഭാഗ്യം കൊണ്ടൊന്നുമല്ല. ഈ നിൽക്കുന്ന എന്റെ മോള്, അവളവന്റെ തലയ്ക്ക് ചൂരലിനടിച്ചോടിച്ചതുകൊണ്ടാ രക്ഷപെട്ടത്."

"ഹൊ! അതറിഞ്ഞില്ല."

"ഈ സത്യം തന്നോടേ പറഞ്ഞിട്ടുള്ളൂ. പുറത്തായാൽ പോലീസ് അവളുടെ പേരിൽ കേസെടുക്കും."

"ഇല്ല. ഞാനാരോടും പറയില്ല."

"സണ്ണിക്കുട്ടി എനിക്കൊരു സഹായം ചെയ്യണം."

"പറയ് എന്താണെന്ന്."

"പാലച്ചുവട്ടിൽ ജോസിനെ ഭ്രാന്താശുപത്രീന്ന് ഇറക്കിവിടുകേലെന്നൊന്നും ഉറപ്പിക്കാനാവില്ല. നോട്ടക്കാരെപ്പറ്റിച്ച് അവൻ ചാടിപ്പോരാനും സാധ്യതയുണ്ട്. അതുകൊണ്ട് നല്ലൊരു വക്കീലിനെക്കണ്ട് കോടതീന്ന് എനിക്കൊരു പോലീസ് പ്രൊട്ടക്ഷൻ ഏർപ്പാടാക്കിത്തരണം."

"അതു ചെയ്യാം മാത്തുക്കുട്ടി. എന്റെ മകൻ നിക്സൺ അഡ്വക്കേറ്റാണല്ലോ."

"അതിനു വരുന്ന ചെലവ് എത്രയാണെന്നാൽ പറഞ്ഞാൽ മതി."

"നമ്മള് തമ്മിൽ പൈസാക്കണക്ക് പറയണോ? ഞാനുടനെ ഇതു ചെയ്തിരിക്കും." പനമറ്റം സണ്ണി ഉറപ്പുനൽകി.

"മകള്, ടെസി നിന്റെ വീട്ടിലേക്കു പോന്നു, അല്ലേ."

"പോന്നു. അല്ലാതെ അവിടെയെന്തിനിനി നിർത്തുന്നു?"

അധികം താമസിയാതെ പനമറ്റം സണ്ണി യാത്ര പറഞ്ഞു പോയി.

(തുടരും)

# മരണകവാടങ്ങൾക്കപ്പുറം



ജോസ് വഴുതനപ്പിള്ളി

**പാ**പക്കറകൾ കഴുകിക്കളഞ്ഞാൽ മരണാനന്തരം ഒരു സ്വർഗീയജീവിതമുണ്ടെന്നുള്ള പ്രത്യാശയിൽ ജീവിക്കുന്നവരാണല്ലോ ഭൂരിപക്ഷം മനുഷ്യരും. അവിടെ നിരന്തരം നമുക്കു ദൈവത്തോടൊപ്പമുള്ള സ്വപ്നസുന്ദരമായ ഒരു ജീവിതമുണ്ടെന്നു നാം വിശ്വസിക്കുന്നു, മൃത്യുവക്ത്രത്തിൽനിന്നു തിരികെ നടന്നവർ; ബ്രെയിൻസംബന്ധമായ രോഗങ്ങളാൽ പ്രജ്ഞ നശിച്ചവർ അവരുടെ അസാമാന്യമായ കാഴ്ചയുടെ അനുഭവങ്ങൾ ലോകത്തോടു വിവരിച്ചിട്ടുണ്ട്. വലിയ തുരങ്കങ്ങളിലൂടെ ആഴക്കിണറുകളിലൂടെ, എന്നപോലെ സൂപ്പർവേഗത്തിൽ പോയി ഒടുവിൽ മടങ്ങിയെത്തിയ അനുഭവങ്ങൾ! ഈ യാത്രയ്ക്കിടയിൽ കഴിഞ്ഞ കാലജീവിതത്തിലെ പല രംഗങ്ങളും ഒരു സിനിമയിലൂടെയെന്നപോലെ കാണാനായത്രേ!

വലിയ വേദനയും മനോസംഘർഷങ്ങളുമായി അവിടേക്കു യാത്രയായവർക്ക് എല്ലാം കാറ്റഴിച്ചുവിട്ട ബലൂൺപോലെ! വേദനയോ സംഘർഷങ്ങളോ ആകുലതകളോ ഇല്ലാത്ത ഒരവസ്ഥ. പലരും പറയുന്ന മറ്റൊരു കാര്യം, അവർക്കു മരിച്ചുപോയ ബന്ധുമിത്രാദികളെയെല്ലാം കാണാനും, അവരുമായി ആനന്ദകരമായ നിമിഷങ്ങൾ പങ്കുവയ്ക്കാനും കഴിഞ്ഞുവെന്നുള്ളതാണ്. ഭൂതകാലം, ഇന്ന്, നാളെ എന്നുള്ള വ്യത്യാസങ്ങൾ അവിടെയില്ല. നിരന്തരമായ നിത്യാനന്ദത്തിന്റെ അസുലഭ നിമിഷങ്ങൾ.

ഇത്തരം കഥകളെല്ലാം വ്യക്തിപരമായ അനുഭവങ്ങൾ മാത്രമാണ് എന്നിരിക്കിലും ഇതേക്കുറിച്ചു വേണ്ടുവോളം സമഗ്രവും വിശാലവുമായ പഠനങ്ങളും ഗവേഷണങ്ങളും മനഃശാസ്ത്രത്തിലും തത്ത്വശാസ്ത്രത്തിലും വൈദ്യശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും നടക്കുന്നുണ്ട്. എന്നാൽ, എങ്ങനെ ഇത്തരം അനുഭവങ്ങൾ ഉണ്ടാകുന്നു എന്നതിനെക്കുറിച്ചു ശാസ്ത്രീയമായ നിഗമനങ്ങളൊന്നും ആർക്കും ഇതുവരെ സൃഷ്ടിക്കാനായിട്ടില്ല. നാഡീശാസ്ത്രപരമായ ഒരു പ്രതിഭാസമാണിതെന്നാണ് ചില ഗവേഷകരുടെ അഭിമതം. എന്നാൽ, മറ്റു ചിലർ വിരൽചൂണ്ടുന്നത് ഒരു ആത്മീയമായ വ്യവഹാരമണ്ഡലത്തിലേക്കാണ്, മരണാന്തരജീവിതത്തിന്റെ വിഹായസ്സിലേക്കാണ്.

മരിച്ചുജീവിച്ച അനേകം വ്യക്തികൾ- വൈദ്യശാസ്ത്രവിദഗ്ധരുടെ അഭിപ്രായത്തിൽ മൃതിയടഞ്ഞു എന്നു കരുതപ്പെടുന്നവർ-പിന്നീടുള്ള മടക്കയാത്രയിൽ അതിവിചിത്രങ്ങളായ കാഴ്ചകളും ആകസ്മികസമാഗമങ്ങളും വിവരിച്ചിട്ടുണ്ട്.

**ചില സാക്ഷ്യങ്ങൾ**

നട്ടെല്ലുവിദഗ്ധയായ മേരി നീൽ ഒരു കയാക്കിങ് നടത്തുകയായിരുന്നു. യാനം മറിഞ്ഞ് അവൾ മുങ്ങിത്താണുകൊണ്ടിരുന്നപ്പോൾ ഏതോ കരങ്ങൾ തന്നെ താങ്ങിനിർത്തുന്നതുപോലെ അവർക്കു തോന്നി. കാതുകളിൽ അപ്പോൾ യേശു മന്ത്രിച്ചുവത്രേ. ഞാൻ നിന്നെ ഈ അപകടത്തിൽനിന്നു രക്ഷിക്കുമെന്ന്. മൈക്ക് മെക്കൻസിയെ ഒരു എമർജൻസി ശസ്ത്രക്രിയയ്ക്കു വിധേയനാക്കേണ്ടിവന്നപ്പോൾ അയാൾ തൊട്ടടുത്തുനിൽക്കുന്ന യേശുവിനെയായിരുന്നു കണ്ടത്. സാക് സ്ലെമെന്റ്സ് എന്നൊരാളുടെ ഹൃദയമിടിപ്പ് 20 മിനിട്ടുനേരം നിലച്ചുപോയി. അയാൾ അപ്പോൾ സ്വർഗത്തിൽ നിരനിരയായി നിൽക്കുന്ന മാലാഖമാരെ കണ്ടു. അപ്പോഴാണ് യേശു വന്നതും തന്നെ സമാശ്വസിപ്പിച്ചതും. ഒടുവിൽ അയാൾ ജീവിതത്തിലേക്കു മടങ്ങി.

ചാറോലോട്ടെ ഹോംസ് എന്നൊരു വനിത ശ്വാസം നിലച്ചു മരിച്ചുകിടന്നതു 11 മിനിറ്റുകൾ. ആൾ സ്വർഗത്തിലെ അതിമനോഹരമായ പുൽമേടകൾ കണ്ടു. കൊച്ചുകുട്ടികളടക്കം തനിക്കു മുമ്പേ മരിച്ചുപോയവരെയെല്ലാം കണ്ടു. മടങ്ങുന്നവഴി നരകത്തിന്റെ ഒരു മിന്നൽകാഴ്ചകൂടി അവൾ കണ്ടു. പാപജീവിതത്തിനുള്ള ശിക്ഷ ഇതായിരിക്കുമെന്ന് ഒരുപക്ഷേ ദൈവം ഓർമപ്പെടുത്തുകയായിരുന്നിരിക്കാം.

**വിശുദ്ധഗ്രന്ഥത്തിലെ പരാമർശങ്ങൾ**

“ഇതാ ദൈവത്തിന്റെ കൂടാരം മനുഷ്യരോടുകൂടെ. അവിടുന്ന് അവരോടൊത്തു വസിക്കും. അവർ അവിടുത്തെ ജനമായിരിക്കും. അവിടുന്ന് അവരുടെ മിഴികളിൽനിന്നു കണ്ണീർ തുടച്ചുനീക്കും. ഇനി മരണം ഇല്ല. ഇനിമേൽ ദുഖമോ മുറവിളിയോ വേദനയോ ഉണ്ടാവില്ല” (വെളിപാട് 21:3, 21:4).

**ഇബെൻ അലക്സാണ്ടർ**

2008 നവംബറിൽ ഇൽ ഇബെൻ എന്ന ന്യൂറോ സർജൻ ‘മെനഞ്ചൈറ്റിസ്’ രോഗബാധിതനായി അബോധാവസ്ഥയിൽ പ്രവേശിച്ചു. കോമയിൽ ആയിരുന്ന ഇദ്ദേഹം സുഖം പ്രാപിക്കാൻ സാധ്യത കുറവാണെന്നു ഡോക്ടർമാർ വിധിയെഴുതി. എന്നാൽ, ഒരാഴ്ച കഴിഞ്ഞപ്പോൾ ആൾ കണ്ണുതുറന്നു.

പിന്നീട് ഇബെൻ പറഞ്ഞ കാര്യങ്ങൾ എല്ലാവരെയും കിടിലംകൊള്ളിക്കാൻ പോന്നതായിരുന്നു. ‘ഞാൻ ശ്വാസമില്ലാതെ കുഴഞ്ഞ ചേറ്റിൽകിടന്ന് ഉരുളുകയായിരുന്നു. അപ്പോൾ ഒരു വെള്ളിവെളിച്ചം കണ്ണുകളിൽ നിറയാൻ തുടങ്ങി. ഒരു ചിത്രശലഭത്തിന്റെ ചിറകുകളിൽ ഞാൻ പറന്നുയർന്നു സർവേശ്വരന്റെ അടുക്കൽ പറന്നെത്തി.’ ദൈവത്തെക്കുറിച്ചോ സ്വർഗത്തെക്കുറിച്ചോ യാതൊരു സങ്കല്പങ്ങളും ഇല്ലാതിരുന്ന ഇബെന് ഇതെല്ലാം അതിശയകരമായ അനുഭവങ്ങളായിരുന്നു. ബ്രെയിനെക്കുറിച്ചു ധാരാളം അറിവുകളുണ്ടായിരുന്ന അയാൾ തന്റെ ഒരാഴ്ചക്കാലത്തെ അനുഭവത്തെക്കുറിച്ചു സ്വയം വിശകലനം ചെയ്യാൻ തുടങ്ങി. ഇയാൾ കണ്ട കാഴ്ചകൾ ബ്രെയിനിന്റെ സൃഷ്ടിയല്ല; അതിനുമപ്പുറം വലിയ സത്യങ്ങളുണ്ട് എന്നദ്ദേഹം മനസ്സിലാക്കി. അദ്ദേഹം പിന്നീട് ഒരു പുസ്തകം എഴുതി. ‘സ്വർഗമുണ്ടെന്നതിന്റെ സാക്ഷ്യം - പുനർജീവിതത്തിലേക്കുള്ള ഒരു ന്യൂറോസർജന്റെ യാത്ര’ എന്നായിരുന്നു അതിന്റെ പേര്.

2011 ആയപ്പോൾ ഹൃദയാഘാതത്തെത്തുടർന്നു മരിച്ചുജീവിച്ച കോസി എന്നൊരു എഞ്ചിനീയറും ന്യൂവെൽ എന്നൊരു മറുലോകം കണ്ട വ്യക്തിയുമായും ഇബെൻ ആശയങ്ങൾ കൈമാറാനിടയായി. അവർ ചില പരീക്ഷണങ്ങൾക്കു തുടക്കമിട്ടു. അവർ ഒത്തുചേർന്നു ശ്രവണസാധ്യമായ രേഖകളുണ്ടാക്കി ബ്രയിനിനെ ത്വരിതപ്പെടുത്തി. ഇബെൻ കേൾക്കാനിടയായതു കോമസമയത്തു തനിക്കുണ്ടായ തത്തുല്യമായ അനുഭവങ്ങളുടെ തനിയാവർത്തനമായിരുന്നു, ധ്യാനാവസ്ഥയിൽ റെക്കോർഡ് ചെയ്യപ്പെട്ട കോസിയുടെയും ന്യൂവെല്ലിന്റെയും അനുഭവവിശേഷങ്ങൾ!

2012 ൽ ഡോക്ടർ ഇബെൻ തന്റെ ഒരു ടിവി പരിപാടിക്കിടെ ഒരു സ്ത്രീയുടെ ഓഡിയോ റെക്കോർഡിങ്ങുണ്ടാക്കി അതിൽ അവൾ തന്റെ മരിച്ചുപോയ അമ്മയോടു സംസാരിക്കുന്ന അനുഭവം വിവരിച്ചു. ആയിരക്കണക്കിനാളുകൾ ഇതിന്റെ വീഡിയോടേപ്പുകൾ വാങ്ങി.

ഇത്തരം പരീക്ഷണങ്ങൾ ജനം മിക്കവാറും സംശയത്തോടെയാവും വീക്ഷിക്കുക. ഇതെല്ലാം ഉപബോധമനസ്സിന്റെ മായാജാലങ്ങളാണ്, മിഥ്യാബോധങ്ങളാണ് - ഭാവനയിലൂടെയും, ഉപായചിന്തകളിലൂടെയും നിങ്ങൾ ഏതോ സരസമായ ചിത്രങ്ങൾ വരയ്ക്കുന്നുവെന്നധിക്ഷേപിക്കുന്നവരുണ്ട്. ഇബെൻതന്നെ ഒരുകാലത്ത് ഇതിനെയെല്ലാം സംശയത്തോടെ നോക്കിക്കണ്ടവനായിരുന്നു. ഏറെ സമയം വേണ്ടിവന്നു മറനീക്കി സത്യങ്ങളെ പുറത്തെടുക്കാൻ. ഇതൊരു പരമാർഥമാണ്, നമുക്കാർക്കും സങ്കല്പിക്കാനാകാത്ത ഒരു നിത്യസത്യമാണ് - നമുക്ക് സ്വർഗത്തിൽ എത്തിച്ചേരാനും അനുഭവങ്ങൾ ഉൾക്കൊള്ളാനുമാകും എന്നുള്ളത്.

ഏതായാലും ഇത്തരം അനുഭവങ്ങൾക്കു സാക്ഷ്യം വഹിച്ചവർ പുത്തൻപിറവികളായിയെന്നാണു പറയപ്പെടുന്നത്. ജീവിതത്തിനു പുതിയ ഒരു അർഥം കൈവന്നതുപോലെ. ജീവകാരുണ്യത്തിനും സ്നേഹത്തിനും വലിയ വില നല്കുന്നവരായി അവർ മാറി. മരണത്തെക്കുറിച്ച് ആകാംക്ഷയില്ലാത്ത അവസ്ഥയുണ്ടായി. ഈ ലോകത്തിലെ നശ്വരങ്ങളായ സമ്പത്തുകൾ ഉപേക്ഷിക്കാനും പരസ്പരം സഹായിക്കാനുമുള്ള ഒരു ശുഷ്കാന്തി അവർ സൃഷ്ടിച്ചെടുത്തു. സ്വർഗവും നരകവുമൊക്കെ കെട്ടുകഥകളാണെന്നു വാദിക്കുന്നവരോട് ഒന്നേ പറയാനുള്ളു: ശാസ്ത്രവും വിശ്വാസവും തോൾചേർന്നുനിന്നുവേണം ഈ സത്യങ്ങളെ തൊട്ടറിയാൻ. ■



**മൃത്യുവക്ത്രത്തിൽനിന്നു തിരികെ നടന്നവർ; ബ്രെയിൻ സംബന്ധമായ രോഗങ്ങളാൽ പ്രജ്ഞ നശിച്ചവർ അവരുടെ അസാമാന്യമായ കാഴ്ചയുടെ അനുഭവങ്ങൾ ലോകത്തോടു വിവരിച്ചിട്ടുണ്ട്. വലിയ തുരങ്കങ്ങളിലൂടെ ആഴക്കിണറുകളിലൂടെ, എന്നപോലെ സൂപ്പർവേഗത്തിൽപോയി ഒടുവിൽ മടങ്ങിയെത്തിയ അനുഭവങ്ങൾ! ഈ യാത്രയ്ക്കിടയിൽ കഴിഞ്ഞകാലജീവിതത്തിലെ പല രംഗങ്ങളും ഒരു സിനിമയിലൂടെയെന്നപോലെ കാണാനായത്രേ!**

# ഇന്ത്യൻ പെൺകരുത്തിന്റെ പെരുമ



## കളിക്കളം





ടോം കളപ്പുര

**രാ**ത്രി വൈകിയുള്ള മത്സരം. ഉറക്കമിളച്ചു കാത്തിരുന്ന ലക്ഷക്കണക്കിന് ക്രിക്കറ്റ് ആരാധകരെ ആവേശത്തിലാഴ്ത്തി ഇതാദ്യമായി ഇന്ത്യൻ വനിതകൾ ലോകകപ്പിൽ മുത്തമിടുമ്പോൾ പിറന്നുവീണത് പുതുചരിത്രം. വഴിമാറിയത് വർഷങ്ങളായ കാത്തിരിപ്പും. 2006 ലും 2017 ലും കലാശക്കളിയിൽ കാലിടറി വീണ ഇന്ത്യ ഇത്തവണ ഹർമീത് കൗർ എന്ന പഞ്ചാബി പെൺകുട്ടി നയിച്ച ഇന്ത്യൻ പെൺപടയുടെ നിശ്ചയദാർഢ്യത്തിന്റെ മുന്നിൽ കിരീടഭാഗ്യമായി അവതരിച്ചു.

ഞായറാഴ്ച നവിമുംബൈയിലെ ഡിവൈ പാട്ടീൽ സ്റ്റേഡിയത്തിലെ ഓരോ പുൽനാമ്പുകൾക്കുപോലും തീ പിടിച്ചു കാണും. 35000 ത്തോളം വരുന്ന നിറഞ്ഞ ഗാലറികളുടെ ആരവങ്ങൾക്കു നടുവിലൂടെ ലോകജേതാക്കൾക്കുള്ള ട്രോഫിയുമായി ഇന്ത്യൻതാരങ്ങൾ നൃത്തം വയ്ക്കുമ്പോൾ ഭാരതം കണ്ണിമയ്ക്കാതെ നോക്കിനിന്നത് ജേതാക്കളുടെ ആഘോഷത്തെ മാത്രമല്ല, ഭാരതീയ പെൺകരുത്തിന്റെ വിളംബരത്തെക്കൂടിയാണ്.

ആരാണു പറഞ്ഞത് വനിതാ ക്രിക്കറ്റു കാണാൻ ആളില്ലെന്ന്? ഒഴിഞ്ഞ ഗാലറികൾക്കു മുന്നിൽ മത്സരങ്ങൾ നടന്നിരുന്ന കാലമൊക്കെ പോയി. ഫൈനലിനു തലേന്നുതന്നെ മുഴുവൻ ടിക്കറ്റുകളും വിറ്റുപോയിരുന്നു.

കരിഞ്ചന്തയിൽ പതിനായിരമോ പതിനയ്യായിരമോ കൊടുത്തു ടിക്കറ്റു വാങ്ങാൻ ആളുണ്ടായി.

ഇന്ത്യൻ ക്രിക്കറ്റ് എന്നാൽ, സച്ചിൻ, കോലി, ധോണി, രോഹിത്, ഗിൽ ഇങ്ങനെയുള്ള പേരുകളിൽ മാത്രം നിറഞ്ഞുനിൽക്കുന്ന കാലം മാറുന്നു. സ്മൃതി മന്ഥനയെ അറിയാത്തവർ ഇപ്പോൾ ആരാണുള്ളത്? ഹർമൻപ്രീത് കൗർ, ഷെഫാലി വർമ, ജെമീമാ റോഡ്രിഗ്സ് തുടങ്ങി സൂപ്പർതാരങ്ങൾ വേറെയും പിന്നാലെ വരുന്നു.

കേവലം ഒരു ലോകകപ്പ് വിജയത്തിലൊരുങ്ങുന്നില്ല. ഈ നേട്ടമെന്നതാണ് ശ്രദ്ധേയമായ കാര്യം. ഇന്ത്യൻ വനിതാക്രിക്കറ്റിന് ഏറ്റവും വലിയ മേൽവിലാസമാണ് ഈ വിജയം സമ്മാനിച്ചത്. പിന്നാമ്പുറത്ത് നാണിച്ചും ആലോചിച്ചും മടിച്ചും നിൽക്കുന്ന പെൺകുട്ടികൾക്കും മാതാപിതാക്കൾക്കും ഈ വിജയം തീർച്ചയായും ഒരു പ്രചോദനമാണ്. 1983 ലെ കപിലിന്റെ ലോകകപ്പ് വിജയത്തിനുശേഷം ഇന്ത്യയിൽ ക്രിക്കറ്റ് വിപ്ലവമുണ്ടായതുപോലെ വനിതാക്രിക്കറ്റിനും പുത്തൻ ഉണർവു പ്രതീക്ഷിക്കാം. തിരിച്ചുവരവുകളുടേതായിരുന്നു ഈ ലോകകപ്പ്. നേരിയ മാർജിനിൽ പല മത്സരങ്ങളും തോറ്റ് പുറത്താകലിന്റെ വക്കിൽനിന്നാണ് അവസാനമത്സരങ്ങൾ ജയിച്ച് ഇന്ത്യ സെമിയിലേക്കു കടന്നത്. ടൂർണമെന്റ് പുരോഗമിക്കവേ കാലിനു പരിക്കേറ്റു പിൻവാങ്ങേണ്ടി വന്ന ഓപ്പണർ പ്രതികാ റാവലിന്റെ പിൻമാറ്റം, തിരിച്ചടിയായേക്കുമെന്നു ഭയപ്പെട്ടു. അതുവരെയുള്ള മത്സരങ്ങൾ വീട്ടിലിരുന്നു കണ്ട ഷെഫാലി വർമ്മയുടെ തിരിച്ചുവരവാണ് പിന്നെ നാം കണ്ടത്. പാതിവഴിയിൽ കൂടെക്കൂടിയ ഷെഫാലി ഫൈനലിൽ തകർപ്പൻ ഇന്നിങ്സോടെ കളിയിലെ താരമായി. സേവാഗിനെ അനുസ്മരിപ്പിക്കുന്ന ഷോട്ടുകളുമായി ഈ പെൺകുട്ടികളം നിറഞ്ഞപ്പോൾ ദക്ഷിണാഫ്രിക്കൻ പന്തേറുകാർക്കു മറുപടി ഇല്ലാതെ പോയി.

> **35000 ത്തോളം വരുന്ന നിറഞ്ഞ ഗാലറികളുടെ ആരവങ്ങൾക്കു നടുവിലൂടെ ലോകജേതാക്കൾക്കുള്ള ട്രോഫിയുമായി ഇന്ത്യൻ താരങ്ങൾ നൃത്തം വയ്ക്കുമ്പോൾ ഭാരതം കണ്ണിമയ്ക്കാതെ നോക്കിനിന്നത് ജേതാക്കളുടെ ആഘോഷത്തെ മാത്രമല്ല, ഭാരതീയ പെൺകരുത്തിന്റെ വിളംബരത്തെക്കൂടിയാണ്.**

അതുപോലെയാണ് ജെമീമ റോഡ്രിഗ്സിന്റെ കാര്യവും. ആദ്യകളിയിൽ മോശം പ്രകടനം കാഴ്ചവച്ച ജമീമയെ കോച്ച് മംജുദാർ ഇംഗ്ലണ്ടിനെതിരായ കളിയിൽ ബഞ്ചിലിരുത്തി. പക്ഷേ, സെമിയിൽ ജമീമയുടെ ഉഗ്രൻ തിരിച്ചുവരവു നാം കണ്ടു. ലീഗിൽ ഇന്ത്യയെ തോല്പിച്ച ഓസീസിനെ അതേ നാണയത്തിൽ തിരിച്ചടിച്ച് തകർത്തത് ഈ മുംബൈ പെൺകുട്ടിയുടെ ഉജ്ജ്വല ഇന്നിംഗ്സ് ആയിരുന്നു. പുറത്താകാതെ സെഞ്ചുറി നേടിയ ജമീമ റോഡ്രിഗ്സ് പാളയത്തിലേക്കു പടനയിച്ചപ്പോൾ ഇന്ത്യ സ്വപ്ന ഫൈനലിലേക്ക് ഒരിക്കൽക്കൂടി കാലെടുത്തുവച്ചു.

കളത്തിലെ പോരാളികളെക്കുറിച്ചു പറയുമ്പോൾ കളത്തിനു പുറത്തെ കപ്പിത്താനെക്കുറിച്ചു തീർച്ചയായും പറയണം. അമോൽ മംജുദാർ ഒരുകാലത്ത് ഇന്ത്യൻ ആഭ്യന്തരക്രിക്കറ്റിലെ സൂപ്പർ താരം. പ്രഫഷണൽ ക്രിക്കറ്റിൽ 30 സെഞ്ച്വറികൾ ഉൾപ്പെടെ റൺസ് വാരിക്കൂട്ടിയ മംജുദാർക്ക് ദേശീയടീമിൽ ഇടം നേടാനാവാതെ പോയത് നിർഭാഗ്യം കൊണ്ടു മാത്രമായിരുന്നു. മംജുദാർ ചെയ്ത ഏറ്റവും വലിയ തെറ്റ് അദ്ദേഹം സച്ചിൻ-ദ്രാവിഡുമാരുടെ കാലത്ത് ജനിച്ചു എന്നതു മാത്രമാണ്. ഇന്ത്യയുടെ ഫാബുലസ് ഫൈവുകളുടെ - സച്ചിൻ, സേവാഗ്, ഗാംഗുലി, ദ്രാവിഡ്, ലക്ഷ്മൺ - തേരോട്ട സമയത്ത് ഇന്ത്യൻ ടീമിൽ ഇടംപിടിക്കുകയെന്നത് എത്ര കഠിനമായിരുന്നു എന്നു പ്രത്യേകം പറയേണ്ടല്ലോ.

ഒരൊറ്റ അന്താരാഷ്ട്ര മത്സരംപോലും കളിച്ചിട്ടില്ലാത്ത മംജുദാറിനെ ഇന്ത്യൻ വനിതാടീമിന്റെ ദേശീയ കോച്ചായി നിയമിച്ചപ്പോൾ നെറ്റി ചുളിച്ചുവരാണേറെ. പക്ഷേ, ചുമതലയേറ്റു പത്തുമാസം തികഞ്ഞപ്പോഴേക്കും അദ്ദേഹം വിമർശകർക്കു സമ്മാനിച്ചത് കന്നി വനിതാലോകകിരീടമാണ്. കളിക്കളത്തിൽ തനിക്കു നേടാനാവാതെപോയ നേട്ടത്തിന്റെ നെറുകയിൽ നിൽക്കുമ്പോഴും ഇത് എന്റെ കുട്ടികളുടെ വിജയമാണെന്നു പറഞ്ഞ് മാധ്യമബഹളങ്ങളിൽനിന്ന് ഒഴിഞ്ഞ് വിനയാന്വിതനായി അദ്ദേഹം ഒരുങ്ങിക്കൂടുന്നു. പറച്ചിലിലല്ല, പ്രവൃത്തിയിലാണ് കാര്യമെന്നു തെളിയിച്ച അദ്ദേഹത്തിന് പൊൻതൂവലായി ഈ വിജയം എന്നുമുണ്ടാകും.

■

ബാലനോവൽ 9

# പൊന്നിവനത്തിലെ കഴുത



നിഥിൻകുമാർ ജെ.

**കൂ**ട്ടിൽ കിടന്നിരുന്ന ഡോസി ചുറ്റും നോക്കുകയാണ്.

"പുറത്തു ചാടിയാൽ എങ്ങനെ രക്ഷപ്പെടാൻ പറ്റും?"

ശരിയാണ് വളരെ വേഗം ഡോസി വിചാരിച്ചാൽ കൂടിന് പുറത്തിറങ്ങാൻ പറ്റും. പക്ഷേ, പുറത്തിറങ്ങിയതുകൊണ്ടു മാത്രം കാര്യമില്ലല്ലോ. ഗ്രാമത്തിൽനിന്നു രക്ഷപ്പെടണ്ടേ.

ഡോസി ചിന്തിച്ചപ്പോൾ ഒരു സൂത്രം മനസ്സിൽ തോന്നി. ജിമ്മിയോടും കൈസറിനോടും ഇടപെടുന്നപോലെ യഥാർഥ യജമാനനോടും ഇടപെട്ടാൽ അയാൾക്കു തന്നോടു സ്നേഹം തോന്നും. വിശ്വാസം തോന്നും. അത് അവസരമാക്കി രക്ഷപ്പെടാം. കൂട്ടിൽനിന്നിറക്കി സാധനങ്ങൾകൊണ്ടുപോകാൻ വേണ്ടി വിളിക്കുമ്പോൾ സ്നേഹത്തോടെ കൂടെ പോകണം. ഡോസി മനസ്സിൽ കണക്കുകൂട്ടി തുടങ്ങി. യജമാനനെക്കൊണ്ട് വിശ്വസിപ്പിച്ചുകഴിഞ്ഞാൽ കുറച്ചു സ്വാതന്ത്ര്യം കിട്ടും. അതുതന്നെ അവസരം. വഴിയിൽ വച്ച് ഓടാം. അപ്പോഴും ഡോസിക്ക് ഒരു സംശയം ബാക്കിയാണ്. വഴി.. ഡോസിക്കു വഴികൾ അത്ര തിട്ടമില്ല. ഓടിയാലും പിടിക്കപ്പെടും. തത്കാലം ഓടണ്ട. ഗ്രാമത്തലവന്റെ പ്രീതി നേടിയെടുക്കാം. പതിയെ വഴികൾ പഠിച്ചെടുക്കാം. ഒരുപാട് ചിന്തിച്ചതിനു ഒടുവിൽ ഇങ്ങനെയാണ് ഡോസി തീരുമാനിച്ചത്. അപ്പോഴാണ് ഗേറ്റിന്റെ ഭാഗത്തായി കീര നിൽക്കുന്നതു കാണുന്നത്. ഡോസി ശ്രദ്ധയോടെ നോക്കി.

"അതേ. അതു കീരതന്നെയാണ്. അവൾ ആരെയാണു നോക്കുന്നത്."

ഗേയിറ്റിന്റെ ഇടയിലൂടെ കുറച്ചുനേരമായി വീടിന്റെ എല്ലാം ഭാഗവും കാര്യമായി നോക്കുകയാണ് കീര. പെട്ടന്നുതന്നെ കീരയെ കാണാതെയായി.

"അവൾ പോയോ?" ഡോസിയുടെ മനസ്സിൽ പുതിയ സംശയങ്ങൾ ജനിച്ചു.

"നീ ഇവിടെ എന്തു ചെയ്യുവാ?" അതേസമയം ഗേറ്റിന്റെ അടുത്തുനിന്നു പിറകിലേക്കു പിടിച്ചു മാറ്റിയ റായൽ ചോദിച്ചു.

"നീ വന്നോ?" പെട്ടെന്ന് കീര ചോദിച്ചത് അങ്ങനെയാണ്.

"അതെന്താ കീര. അങ്ങനെ ചോദിച്ചത്?"

"അത് റായൽ.. ഇത്രയും വൈകിയപ്പോൾ ഞാൻ കരുതി.."

"പറ്റിച്ചുവെന്ന്. അല്ലേ." കീര പറഞ്ഞുതീരുംമുമ്പ് ഇടയ്ക്കു കയറി റായൽ ചോദിച്ചു.

കീരയൊന്നും മിണ്ടാതെ നിന്നപ്പോൾ റായൽ പറഞ്ഞു:

"പറ്റിക്കാൻ വേണ്ടിയാണേൽ.. രാവിലെ നിന്റെ പിന്നാലെ ഓടി വരുമായിരുന്നോ?"

"ശരി. അതൊക്കെ പോട്ടെ. എന്തോ മാർഗമുണ്ടെന്നു പറഞ്ഞില്ലേ."


"മം... പറഞ്ഞു."

"എന്താ അത്?" അപ്പോൾ റായൽ പറഞ്ഞു.

"നീ ഒന്നു തിരിഞ്ഞു നോക്ക്." കീരപ്പൂച്ച പതിയെ സംശയത്തോടെ തിരിഞ്ഞു നോക്കിയതും പിന്നിൽ നാലഞ്ചു കാക്കകൾ. പൂച്ചയ്ക്ക് ഒന്നും മനസിലായില്ല.

"ഈ കാക്കകളെ വച്ച് എന്തു സൂത്രമാണ് റായൽ?"

"അതൊക്കെയുണ്ട്." റായൽ തന്റെ പദ്ധതി വിശദമായി പറയാൻ തുടങ്ങി.



"നോക്ക് കീരാ. ഈ കാക്കകളുടെ കൈയിൽ നിറയെ മീനുകളുണ്ട്. ഗ്രാമച്ചന്തയിൽനിന്നു ശേഖരിച്ചുകൊണ്ട് വന്നതാണ്. നായകൾക്കു മീനുകൾ വളരെ ഇഷ്ടമാണ്."

ഇത്രയും പറഞ്ഞിട്ട് ഒരു പുഞ്ചിരിയോടെ കീരയുടെ മുഖത്തേക്കു നോക്കി. അവളുടെ സംശയങ്ങൾ ഇനിയും മാറിയില്ല. അവളുടെ നോട്ടം കണ്ടപ്പോൾ റായൽ തുടർന്നും പറഞ്ഞു:

"കാക്കച്ചേട്ടന്മാർ മീനുമായി ജിമ്മിയുടെയും കൈസറിന്റെയും അടുത്തേക്കു പോകും. അവർ കാണാതെ അവർക്കു മീനുകൾ ഇട്ടു കൊടുക്കും. മീൻ കാണുന്ന നായകൾ അതു തിന്നാൻവേണ്ടി പോകും. അങ്ങനെ പട്ടിച്ചേട്ടന്മാരുടെ ശ്രദ്ധ നമ്മൾ മാറ്റും. ആ തക്കം നോക്കി നമ്മുക്ക് ഡോസിയുടെ അടുത്തേക്കു പോകാം. ഇതാണു സൂത്രം."

റായൽ പറഞ്ഞത് കേട്ടപ്പോൾ കീരയ്ക്കു പ്രതീക്ഷ തോന്നി. കാരണം ജിമ്മിക്കും കൈസറിനും മീൻ വളരെ ഇഷ്ടമാണെന്നു കീരയ്ക്ക് നന്നായിയറിയാം.

"ശരി നമുക്കു തുടങ്ങാം." കീര ആത്മവിശ്വാസത്തോടെ പറഞ്ഞു.

റായൽ പറഞ്ഞതുപ്രകാരം മീനുമായി കാക്കകൾ വീട്ടിലേക്കു പറന്നു. മുകളിൽനിന്നുതന്നെ കാക്കകൾ താഴെ പട്ടികൾ നിൽക്കുന്നതു കണ്ടിരുന്നു. വളരെ വേഗത്തിൽ കാക്ക തന്റെ കൈയിലെയൊരു മീൻ താഴേക്കിട്ടു. ശേഷം വേഗത്തിൽ ഒരു മരത്തിലേക്കു പറന്നുപോയിരുന്നു. നായകൾ നോക്കിയാൽ കാണാത്ത രീതിയിൽ അവർ മറഞ്ഞിരുന്നു. പെട്ടെന്ന് താഴെ നല്ല മീനുകൾ കിടക്കുന്നത് കണ്ടപ്പോൾ ജിമ്മിയും കൈസറും അദ്ഭുതപ്പെട്ടു.

*(തുടരും)*

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# ഐ, ഔ

ഉച്ചാരണാരംഭത്തിലെ സ്വനഗുണം അവസാനം വരെ തുടരുക എന്നതാണ് മൂലസ്വരങ്ങളുടെ സ്വഭാവം. എന്നാൽ, അങ്ങനെയല്ലാത്ത രണ്ടു സ്വരങ്ങൾ മലയാളത്തിന്റെ അക്ഷരമാലയിൽ ഉണ്ട്: ഐ, ഔ. സംസ്കൃതത്തിന്റെ പ്രേരണകൊണ്ട് കടന്നുകൂടിയ ലിപികളാണവ. അകാരത്തിൽ തുടങ്ങി ഇകാരത്തിലും (അ+ഇ =ഐ) അകാരത്തിൽ തുടങ്ങി ഉകാരത്തിലും (അ+ഉ= ഔ) അവസാനിക്കുന്ന ഉച്ചാരണസവിശേഷതയാണ് അവയ്ക്കുള്ളത്. സന്ധ്യക്ഷരം, സംയുക്തസ്വരം, ദ്വിത്വസ്വരം, ദ്വിസ്വരം എന്നിങ്ങനെ പല പേരുകളിലും ഐയും ഔവും അറിയപ്പെടുന്നു.

സംസ്കൃതത്തിൽനിന്നുള്ള ആദാനപദങ്ങളിലേ ഐ, ഔ എന്നിവയ്ക്ക് സ്വാഭാവികോച്ചാരണമുള്ളൂ. മലയാളത്തിൽ ഐയുടെയും ഔവിന്റെയും ഉച്ചാരണം ശിഥിലമാകാറുണ്ട്. തൊൽക്കാപ്പിയം, നന്നൂൽ തുടങ്ങിയ തമിഴ് വ്യാകരണഗ്രന്ഥങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഉച്ചാരണത്തിൽ അവ സ്വരവ്യഞ്ജനസംയുക്തമാകുന്നു. അതായത്, രണ്ടാമത്തെ സ്വരം മധ്യമം (അർദ്ധസ്വരം) ആയിത്തീരും. അ+ഇ=അയ്; അ+ഉ=അവ്. ഉച്ചാരണത്തിൽ സംഭവിച്ച ഈ വഴുക്കൽ പരിഗണിച്ചാകണം ഇവയെ തെന്നും സ്വരം എന്നു പ്രബോധചന്ദ്രൻ നായർ വിശേഷിപ്പിച്ചത്.[1] (തെന്നുന്നത് വ്യഞ്ജനത്തിലേക്കാണ്).

കൈയും തലയും എന്നെഴുതിക്കണ്ടാലും കയ്യും തലയും എന്നുച്ചരിക്കാനാണ് മലയാളികൾക്ക് ഇഷ്ടം. അതുപോലെ ദൈവത്തെ 'ദെയ്‌വം' എന്നും ആക്കുന്നു. ഔഷധത്തെ, അവ്ഷധമായും ഉച്ചാരണം വഴുതിപ്പോകുന്നു. ആയതിനാൽ ദ്വിസ്വരം എന്ന സംജ്ഞയും യുക്തിക്കു നിരക്കുന്നതല്ല. മലയാളികളുടെ സ്വാഭാവിക ഉച്ചാരണത്തിൽ ഐയും ഔവും സ്വരവ്യഞ്ജനസ്വഭാവം പ്രകടിപ്പിക്കുന്നു. സ്വരവ്യഞ്ജനസംയുക്തം എന്നു വിശേഷിപ്പിച്ചാൽ തരക്കേടില്ല എന്നു തോന്നുന്നു. അയ്, അവ് എന്നാണ് അവയുടെ ഉച്ചാരണം എന്ന് കേരളപാണിനിയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.'' അപ്പോൾ അങ്ങനെ എഴുതിയാൽ ൈ, ൗ ഈ ചിഹ്നങ്ങളും ഐ, ഔ ഇവയും വിട്ടുകളയാം. അയ്കമത്യം, അയ്ക്യം, അവ്ഷധം, കവ്തുകം, ദെയ്‌വം, ഗെവ്രവം എന്നൊക്കെ എഴുതാം''[2] ഈ നിരീക്ഷണം സൂക്ഷ്മവിചിന്തനത്തിനു വക നൽകുന്നു.

1. പ്രബോധചന്ദ്രൻനായർ, പി.ആർ. ഡോ., ഭാഷാശാസ്ത്രപരിചയം, മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2016, പുറം–33

2. വാസുദേവഭട്ടതിരി, നല്ല മലയാളം, ഇംപ്രിന്റ് കൊല്ലം, 1992, പുറം–27.

മിനിക്കഥ

## ഉറുമ്പ്

എം ഡി വിശ്വംഭരൻ

നഗരപാതയിലൂടെ ധൃതിയിൽ വരുന്ന ഉറുമ്പിനെ കണ്ടു പാതവക്കിൽ നിന്നിരുന്ന മറ്റൊരു ഉറുമ്പ് ചോദിച്ചു:

"അല്ല, നീ എങ്ങോട്ടാ ഇത്ര ധൃതിയിൽ?"

"ഞാൻ, നഗരത്തിലെ ഫ്ളാറ്റിൽ. ഒരു അമ്മ ചത്ത് കസേരയിൽ ഇരിക്കാൻ തുടങ്ങിയിട്ട് കുറച്ചുദിവസങ്ങളായി. ഞാനും കൂട്ടരുംകൂടി ആ അമ്മയുടെ മജ്ജയും മാംസവും തിന്നുകൊണ്ടിരിക്കുകയാണ്. ആ അമ്മയുടെ മക്കൾ വിദേശത്താണ്. ആരും അറിഞ്ഞിട്ടില്ല."

"ഓ അതായിരിക്കും നീ നന്നായി തടിച്ചുകൊഴുത്തിട്ടുണ്ടല്ലോ?"

"അതേ, സംസാരിച്ചുനിൽക്കാൻ നേരമില്ല താമസിച്ചാൽ നമ്മുടെ കൂട്ടർ അമ്മയെ തിന്നുതീർക്കും. ഞാൻ പോകുന്നു, വേണമെങ്കിൽ നീയും വന്നോളൂ."

"അല്ല, ഇത്ര ദിവസമായിട്ടും ആ ശരീരത്തിൽനിന്നു ദുർഗന്ധം വരുന്നില്ലേ ആരും അറിഞ്ഞില്ലേ?"

"എങ്ങനെ അറിയാൻ അതിനടുത്തല്ലേ നഗരമാലിന്യവും കോഴിവേസ്റ്റും കൊണ്ടുവന്ന തള്ളുന്നത്. അതിന്റെ ഗന്ധത്തിനിടയിൽ ഈ ഗന്ധം ആരു തിരിച്ചറിയാൻ!"



"ഞാൻ പോകുന്നു നീയും വേണമെങ്കിൽ വന്നോളൂ."

ഉറുമ്പ് തിരക്കിട്ടു പറഞ്ഞു.

# കാനാൻദേശം ഇസ്രയേലിനു സ്വന്തം



■തോമസ് കുഴിഞ്ഞാലിൽ

**ലോ**കത്തെ ഏറ്റവും പഴക്കംചെന്നതും, സമീപകാലത്തു വിവാദമായിരിക്കുന്ന ഗാസയുടെ പൂർവകാലചരിത്രത്തിലേക്കു യാത്ര ചെയ്യാൻ തോന്നിയത് സ്വാഭാവികം.

ഏകദേശം 3,200 വർഷങ്ങൾക്കുമുമ്പ് മെഡിറ്ററേനിയൻ കടലിന്റെ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന ക്രീറ്റ് ദ്വീപിൽനിന്നു കടൽമാർഗം ലെവന്തിന്റെ (ഇപ്പോഴത്തെ ലബനൻ, സിറിയ, ജോർദാന്റെ പടിഞ്ഞാറൻഭാഗങ്ങൾ, ഇസ്രയേൽ, സൈപ്രസ് ദ്വീപ്, തുർക്കിയുടെ ചില ഭാഗങ്ങൾ എന്നിവ ഉൾപ്പെട്ടിരുന്ന പ്രദേശം) പടിഞ്ഞാറൻതീരപ്രദേശങ്ങളിലെത്തിയ ഫിലിസ്ത്യരുടെ പിന്മുറക്കാരാണ് ഇന്നത്തെ പലസ്തീനികളെന്നു കരുതപ്പെടുന്നുണ്ട്. സൂക്ഷ്മമായിപറഞ്ഞാൽ ബി സി 1200 നടുത്തായിരുന്നു ലെവന്തിലേക്കുള്ള അവരുടെ കുടിയേറ്റം.

എന്നാൽ, ഫിലിസ്ത്യരുടെ വരവിനും ഏഴു നൂറ്റാണ്ടുകൾക്കുമുമ്പ് ബി സി 1900 നടുത്ത് മെസപ്പൊട്ടോമിയയിലെ ഊറിൽനിന്നും ഹാരാനിലും തുടർന്ന് ലെവന്തിലെ കാനാൻദേശത്തും പൂർവപിതാവായ അബ്രാഹവും സന്തതിപരമ്പരകളും താമസമാക്കിയിരുന്നു. ഇതേക്കുറിച്ചുള്ള വിശുദ്ധഗ്രന്ഥപരാമർശങ്ങൾ ചുവടെ കൊടുക്കുന്നു:

തേരാഹ് കൽദായരുടെ ഊറിൽനിന്ന് കാനാൻദേശത്തേക്കു യാത്ര പുറപ്പെട്ടു. മകൻ അബ്രാമിനെയും, പേരക്കിടാവും ഹാരാന്റെ മകനുമായ ലോത്തിനെയും അബ്രാമിന്റെ ഭാര്യയും തന്റെ മരുമകളുമായ സാറായിയെയും അവൻ കൂടെക്കൊണ്ടുപോയി. അവർ ഹാരാനിലെത്തി അവിടെ വാസമുറപ്പിച്ചു (ഉത്പത്തി 11:31).

കർത്താവ് കല്പിച്ചതനുസരിച്ച് അബ്രാം പുറപ്പെട്ടു. എബ്രാം ഭാര്യ സാറായിയെയും സഹോദരപുത്രൻ ലോത്തിനെയും കൂടെക്കൊണ്ടുപോയി. ഹാരാനിൽ തങ്ങൾനേടിയ സമ്പത്തും ആളുകളുമായി അവർ കാനാൻദേശത്തേക്കു പുറപ്പെട്ട് അവിടെ എത്തിച്ചേർന്നു. അക്കാലത്ത് കാനാൻകാർ അവിടെ പാർത്തിരുന്നു. കർത്താവ് അബ്രാമിനു പ്രത്യക്ഷപ്പെട്ട് അരുൾ ചെയ്തു: "ഈ നാടു നിന്റെ സന്തതികൾക്കു ഞാൻ കൊടുക്കും." അബ്രാം അവിടെ ഒരു ബലിപീഠം പണിത്, കർത്താവിന്റെ നാമം വിളിച്ചു. അവിടെനിന്ന് അബ്രാം നെഗബിനു നേരേ യാത്രതുടർന്നു (ഉത്പത്തി 12:4-9).

അബ്രാം കാനാൻദേശത്തു താമസമാക്കി. ലോത്ത് സമതലത്തിലെ നഗരങ്ങളിലും വസിച്ചു. അവൻ സോദോമിനടുത്തു കൂടാരമടിച്ചു. സോദോമിലെ ആളുകൾ ദുഷ്ടന്മാരും കർത്താവിനു മുമ്പിൽ മഹാപാപികളുമായിരുന്നു. കർത്താവ് അബ്രാമിനോടു പറഞ്ഞു: "നീ തലയുയർത്തി കിഴക്കോട്ടും പടിഞ്ഞാറോട്ടും തെക്കോട്ടും വടക്കോട്ടും നോക്കുക. നീ കാണുന്ന പ്രദേശമെല്ലാം നിനക്കും നിന്റെ സന്തതിപരമ്പരകൾക്കും എന്നേക്കുമായി ഞാൻ തരും" അബ്രാം തന്റെ കൂടാരം മാറ്റി ഹെബ്രോണിലുള്ള മാമ്രേയുടെ ഓക്കുമരങ്ങൾക്കു സമീപം താമസമാക്കി. അവിടെ അവൻ കർത്താവിന് ഒരു ബലിപീഠം നിർമിച്ചു (ഉത്പത്തി 13:12-18).

അന്നു കർത്താവ് അബ്രാമിനോട് ഒരു ഉടമ്പടി ചെയ്തു: "നിന്റെ സന്താനപരമ്പരയ്ക്ക് ഈ നാടു ഞാൻ തന്നിരിക്കുന്നു. ഈജിപ്തുനദി മുതൽ മഹാനദിയായ യൂഫ്രട്ടീസ്‌വരെയുള്ള സ്ഥലങ്ങൾ. കേന്യർ, കെനീസ്യർ, കദ്മോന്യർ, ഹിവ്യർ, പെരീസ്യർ, റഫായിം, അമോന്യർ, കാനാന്യർ, ഗിർഗാഷ്യർ, ജബൂസ്യർ എന്നിവരുടെ പ്രദേശമൊക്കെയും ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു" (ഉത്പത്തി 15:18-21).

അബ്രാമിനു 99 വയസായപ്പോൾ കർത്താവു പ്രത്യക്ഷപ്പെട്ട് അവനോടരുൾചെയ്തു: "നീയുമായി ഞാൻ എന്റെ ഉടമ്പടി സ്ഥാപിക്കും. ഞാൻ നിനക്കു വളരെയേറെ സന്തതികളെ നല്കും. നീ പരദേശിയായി പാർക്കുന്ന ഈ കാനാൻദേശം മുഴുവൻ നിനക്കും നിനക്കുശേഷം നിന്റെ സന്തതികൾക്കുമായി ഞാൻ തരും. എന്നേക്കും അത് അവരുടേതായിരിക്കും. ഞാൻ അവർക്കു ദൈവമായിരിക്കുകയും ചെയ്യും" (ഉത്പത്തി 17:2, 17:8).

സീനായ് മലയിൽവച്ച് കർത്താവ് മോശയോടു കല്പിച്ചു: "നീയും ഈജിപ്തിൽനിന്നു നീ കൂട്ടിക്കൊണ്ടുവന്ന ജനവും ഇവിടെനിന്നു പുറപ്പെട്ട് അബ്രാഹത്തോടും ഇസഹാക്കിനോടും യാക്കോബിനോടും അവരുടെ സന്തതികൾക്കായി നല്കുമെന്നു ഞാൻ ശപഥം ചെയ്തിട്ടുള്ള നാട്ടിലേക്കു പോവുക. ഞാൻ നിങ്ങൾക്കു മുമ്പേ ഒരു ദൂതനെ അയയ്ക്കും. കാനാൻകാരെയും അമോര്യരെയും ഹിത്യരെയും പെരീസ്യരെയും ഹിവ്യരെയും ജബൂസ്യരെയും ഞാൻ ഓടിച്ചുകളയും. തേനും പാലും ഒഴുകുന്ന നാട്ടിലേക്കു പോകുവിൻ" (പുറപ്പാട് 33:1-3).

### പോരാട്ടങ്ങളുടെ ആരംഭം

ലെവന്തിന്റെ തെക്കുപടിഞ്ഞാറുതീരത്തു വാസമുറപ്പിച്ച ഫിലിസ്ത്യർ അവിടെ അഞ്ചു നഗരങ്ങൾ പണിത് വാസമുറപ്പിച്ചു. ഗാസ, അഷ്ദോദ്, അഷ്കലോൺ, ഗത്ത്, എക്രോൺ എന്നിവ. ഇവയെക്കുറിച്ചുള്ള വിശുദ്ധഗ്രന്ഥസൂചന ജോഷ്വയുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ പിടിച്ചെടുക്കേണ്ട സ്ഥലങ്ങളുടെ പട്ടിക കർത്താവ് ജോഷ്വയ്ക്കു നൽകുന്നത് ഇപ്രകാരമാണ്: "നീ ഇനിയും വളരെയധികം സ്ഥലങ്ങൾ കൈവശപ്പെടുത്താനുണ്ട്. ഫിലിസ്ത്യരുടെയും ഗഷൂര്യരുടെയും ദേശങ്ങളും, ഈജിപ്തിനു കിഴക്ക് ഷീഹോൺമുതൽ വടക്ക് എക്രോന്റെ അതിർത്തികൾവരെയുള്ള സ്ഥലവും ഫിലിസ്ത്യരാജാക്കന്മാർ ഭരിച്ചിരുന്ന ഗാസ, അഷ്ദോദ്, അഷ്കലോൺ, ഗത്ത്, എക്രോൺ എന്നീ അഞ്ചു പ്രദേശങ്ങളും" (ജോഷ്വ 13:1-4).

**പടിഞ്ഞാറൻതീരപ്രദേശങ്ങളിലെത്തിയ ഫിലിസ്ത്യരുടെ പിന്മുറക്കാരാണ് ഇന്നത്തെ പലസ്തീനികളെന്നു കരുതപ്പെടുന്നുണ്ട്. സൂക്ഷ്മമായിപറഞ്ഞാൽ ബി സി 1200 നടുത്തായിരുന്നു ലെവന്തിലേക്കുള്ള അവരുടെ കുടിയേറ്റം.**

അങ്ങനെ ജോഷ്വ രാജ്യം മുഴുവനും മലമ്പ്രദേശങ്ങളും നെഗെബും താഴ്‌വാരങ്ങളും കുന്നിൻചെരിവുകളും അവയിലെ രാജാക്കന്മാരോടൊപ്പം കിഴടക്കി. ഒന്നൊഴിയാതെ എല്ലാ ജീവികളെയും ഇസ്രയേലിന്റെ ദൈവമായ കർത്താവിന്റെ കല്പനയനുസരിച്ചു നശിപ്പിച്ചു. കാദെഷ്ബർണിയാമുതൽ ഗാസവരെയും ഗോഷെൻ മുതൽ ഗിബയോൻവരെയും ജോഷ്വ പിടിച്ചടക്കി. ദൈവമായ കർത്താവ് അവർക്കുവേണ്ടി യുദ്ധം ചെയ്തു (ജോഷ്വ 10:40-42).

യൂദാ, സഹോദരനായ ശിമയോനോടൊത്ത് കാനാന്യരെ പരാജയപ്പെടുത്തി. ഗാസാ, അഷ്കലോൺ, എക്രോൺ എന്നിവയും യൂദാ കൈവശപ്പെടുത്തി. കർത്താവ് യൂദായോടു കൂടെയുണ്ടായിരുന്നു. അവർ മലമ്പ്രദേശങ്ങൾ കൈവശപ്പെടുത്തിയെങ്കിലും താഴ്‌വരനിവാസികൾക്ക് ഇരുമ്പുരഥങ്ങൾ ഉണ്ടായിരുന്നതിനാൽ അവരെ തുരത്താൻ അവർക്കു കഴിഞ്ഞില്ല (ന്യായാധിപന്മാർ 1:17-19).

കാനാന്റെ തീരപ്രദേശങ്ങളിൽ താമസിച്ചിരുന്ന ഫിലിസ്ത്യർ കായികമായും ആയുധബലത്തിലും ശക്തരായിരുന്നതിനാലാണ് ഇസ്രയേലിന് അവരെ തോൽപിക്കാൻ കഴിയാതിരുന്നത്. ബി സി 1170 ൽ അക്കാലത്തെ ഈജിപ്ഷ്യൻഫറവോയായിരുന്ന റമെസ്സെസ് മൂന്നാമന് അവരുടെമേൽ വിജയംനേടാനായെങ്കിലും തുടർന്നും അവിടെത്തന്നെ താമസിക്കാൻ അനുവദിക്കുകയായിരുന്നു. 350 വർഷക്കാലം ലെവന്തിന്റെ തീരപ്രദേശങ്ങൾ ഈജിപ്തിന്റെ ഭരണത്തിലായിരുന്നു.


ന്യായാധിപനായിരുന്ന സാംസന്റെ ആദ്യഭാര്യ തിമ്നാക്കാരിയായിരുന്ന ഒരു ഫിലിസ്ത്യയുവതിയായിരുന്നുവെന്ന് വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതു സാംസന്റെ ഇഷ്ടപ്രകാരമായിരുന്നെങ്കിലും കർത്താവിന്റെ ഹിതമായിരുന്നുവെന്നു മനസ്സിലാക്കാൻ അവന്റെ മാതാപിതാക്കൾക്കായില്ല. അവിടുന്നു ഫിലിസ്ത്യർക്കെതിരായി അവസരം പാർത്തിരിക്കുകയായിരുന്നു. അക്കാലത്ത് ഫിലിസ്ത്യർ ഇസ്രയേലിന്റെമേൽ ആധിപത്യം പുലർത്തിയിരുന്നു (ന്യായാധിപന്മാർ 14:4).

കായബലംകൊണ്ട് ഫിലിസ്ത്യരെ തോല്പിക്കുന്ന സാംസന്റെ വീരഗാഥയാണ് തുടർന്നുള്ള 15 ഉം 16 ഉം അധ്യായങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഭാര്യയായ ദലീലയെ സ്വാധീനിച്ച ഫിലിസ്ത്യർ അവന്റെ സമൃദ്ധമായ മുടിച്ചുരുളുകൾ ക്ഷൗരം ചെയ്തും കണ്ണുകൾ ചുഴന്നെടുത്ത് കാരാഗൃഹത്തിലടച്ചതും അവിടെ വിവരിക്കുന്നുണ്ട്. ഒടുവിൽ, സാംസൺ അവനെ ബന്ധിച്ചിരുന്ന തൂണുകൾ തകർത്ത് കെട്ടിടങ്ങൾ മറിച്ചിടുകയും സ്വന്തം ജീവൻ ത്യജിച്ചും അനേകം ഫിലിസ്ത്യരെ വധിച്ചതും ചരിത്രം.

### കർത്താവിന്റെ വാഗ്ദാനപേടകം

ഫിലിസ്ത്യർക്ക് യഹൂദരോടുള്ള നൂറ്റാണ്ടുകൾ നീണ്ട ശത്രുതയ്ക്ക് ഒരു പുതിയ മാനം കൈവന്നത് ബി സി 1024 ലാണ്. എബനേസറിനും അഫേക്കിനുമിടയിൽ നടന്ന ഘോരയുദ്ധത്തിൽ 34,000 പേരുടെ ജീവൻ പൊലിഞ്ഞതുകൂടാതെ യുദ്ധമുഖത്തു പ്രതിഷ്ഠിച്ചിരുന്ന കർത്താവിന്റെ ഉടമ്പടിയുടെ പേടകവും യഹൂദർക്കു നഷ്ടമായി. കെരൂബുകളുടെമേൽ എഴുന്നള്ളിയിരിക്കുന്ന സൈന്യങ്ങളുടെ കർത്താവിന്റെ ഉടമ്പടിയുടെ പേടകം തങ്ങളെ രക്ഷിക്കുമെന്ന് അവർ കരുതി. ഇസ്രയേലിന്റെ കൈയിൽനിന്നു പിടിച്ചെടുത്ത ദൈവത്തിന്റെ പേടകം എബ്നേസറിൽനിന്ന് അഷ്ദോദിലേക്ക് ഫിലിസ്ത്യർ കൊണ്ടുപോവുകയും അവിടെയുള്ള ദാഗോന്റെ ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്കു സമീപം സ്ഥാപിക്കുകയും ചെയ്തു. പക്ഷേ, രാവിലെ കർത്താവിന്റെ പേടകത്തിന്റെ മുമ്പിലേക്കു വീണ്, ഉടഞ്ഞുകിടക്കുന്ന വിഗ്രഹം കണ്ട് ജനങ്ങൾ അമ്പരന്നു. തന്നെയുമല്ല, അഷ്ദോദിലും പരിസരങ്ങളിലുമുള്ള ഫിലിസ്ത്യരുടെമേൽ കുരുക്കുകളും പ്രത്യക്ഷപ്പെട്ടുതുടങ്ങി. ബാധ കുറയാതെ വന്നതോടെ ഇസ്രയേലിന്റെ ദൈവത്തിന്റെ പേടകം സമീപനഗരങ്ങളായ ഗത്തിലേക്കും എക്രോണിലേക്കും മാറ്റിയെങ്കിലും രോഗത്തിന് യാതൊരു ശമനവുമുണ്ടായില്ല. നഗരങ്ങളെ മുഴുവനും പരിഭ്രാന്തി വിഴുങ്ങിയതിനാൽ പേടകം ഇസ്രയേലിനു തിരിച്ചുനൽകാൻ ഫിലിസ്ത്യർ നിർബന്ധിതരായി (1 സാമുവൽ 5:1-12)

ശേഷം 15-ാം പേജിൽ




കർത്താവിന്റെ വാഗ്ദാനപേടകം

Deepanalam Weekly

RNI No : 16998/68
Vol. 58 No. 36 Date of Publication 6 November 2025
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

CASH for GOLD

നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ, തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.

KERALA'S NO.1 GOLD BUYER




വിദേശ പഠനം/ജോലി, തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)

അച്ചായൻസ് ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം | വാഴക്കുളം

85900 46916 | 90723 88172

കോട്ടയം | ഏറ്റുമാനൂർ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം | ചങ്ങനാശ്ശേരി
എറണാകുളം | തൊടുപുഴ | ചേർത്തല | പേരൂർ | കടുത്തുരുത്തി | നീണ്ടൂർ
ചെങ്ങന്നൂർ | മുണ്ടക്കയം | കോഴഞ്ചേരി | വാഗമൺ | പാമ്പാടി | കൂത്താട്ടുകുളം | കട്ടപ്പന

NRI ഇടപാടുകൾക്ക് പ്രത്യേക വിഭാഗം | DOOR STEP SERVICE AVAILABLE | CASH/BANK TRANSFER AVAILABLE *

36 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ
Ph: 9495195739

Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495021259

അഡ്മിഷൻ തുടരുന്നു
+2 Science commerce humanities

6 മാസംകൊണ്ട് +2, 10
നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം

എസ്.എസ്.എൽ.സി. വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.
കേരള ഗവൺമെന്റ് – PSC അംഗീകൃതം

+ 2 പരാജിതർക്ക് 3 വിഷയം മാത്രം

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

# കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ

ചപ്പാത്ത്, അയർക്കുന്നം, കോട്ടയം Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com Website: www.kottathilayurveda.com



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യരോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

KTS PRODUCTS

ഈ നാടിന്റെ ഉൽപ്പന്നം



അതേ രുചി... അതേ ഗുണം...
70 വർഷത്തെ വിശ്വാസം എന്നും നിങ്ങളോടൊപ്പം



ISO 9001:2015 CERTIFIED COMPANY

Tastit ടേസ്റ്റിറ്റ്

Customer Care 82810-42942

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org